ഫെബ്രുവരി 2023

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ





ആരെയും
ആകർഷിക്കുന്ന
3
ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph 2360846,2360202,2365890
Customer Care : 8547667788,8547778899
ജോളി സ്റ്റീഫൻ
ഡോ : ജോയ് ആന്റോ

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ - 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com

**പുസ്തകം 29**
**ഫെബ്രുവരി 2023**
**ലക്കം 2**

## പത്രാധിപസമിതി

ചീഫ് എഡിറ്റർ
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

മാനേജിംഗ് എഡിറ്റർ
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

അസോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504

ട്രഷറർ
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീ. **ജെയ്സൺ കൂള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **ജെയിംസ് കളപുരയ്ക്കൽ** +91 9847551115
ശ്രീ. **ജോഫിൻ കൊളങ്ങര** +91 8943554456
ശ്രീ. **ജോർജ്ജ് കൈപ്പറമ്പിൽ** +91 9447458560
ശ്രീ. **ഫ്രാൻസീസ് അറങ്ങാശ്ശേരി** +91 9847484720
ശ്രീമതി **സ്റ്റാർലിൻ വർഗ്ഗീസ്** +91 9496093192

എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. **മേജോ കെ.ജെ** +91 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി **ജോർളിൻ ജോഷി** +91 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

നടത്തുകൈക്കാരൻ
ശ്രീ. **അഗസ്റ്റിൻ തരകൻ** +91 9544055315

## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

സാധാരണ ദിവസം – 6.30 a.m
ഞായർ – 6.30 a.m 9.45 a.m

## ഈ ലക്കത്തിൽ

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| ഓർമ്മിക്കുക ആചരിക്കുക | 05 |
| കേന്ദ്ര കുടുംബകൂട്ടായ്മ വാർത്തകൾ | 06 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 07 |
| പ്രതിനിധിയോഗ വാർത്തകൾ | 08 |
| സെമിത്തേരികളെ സംബന്ധിച്ച നിയമാവലി | 10 |
| അറിയിപ്പ് | 17 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 18 |
| വി. അഗാത്തയുടെ ജീവചരിത്രം | 19 |
| നിയമാവബോധം | 20 |
| കവിത - അർപ്പണം | 23 |
| എന്റെ സ്വപ്നം | 24 |
| കേരളം വൃദ്ധന്മാരുടെ നാടോ? | 25 |
| വി. സ്റ്റീഫൻ | 27 |
| ബൈബിൾ ക്വിസ് | 28 |
| ഞങ്ങൾ വരവായി | 30 |
| ഞങ്ങൾ ഒന്നായി | 30 |
| ഞങ്ങൾ യാത്രയായി | 31 |
| ഇടവകയിൽനിന്നും മാറിപോയവർ | 31 |
| ചായക്കൂട്ട് മത്സരം | 32 |

നടത്തുകൈക്കാരൻ
ശ്രീ. **അഗസ്റ്റിൻ തരകൻ**
+91 9544055315

## പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ

## യേശുനാഥനെ സ്വന്തമാക്കുക.

ഒരു ചെറിയ പ്രതിസന്ധി ഉണ്ടാകുമ്പോഴേ തളരുന്നവരെ കണ്ടിട്ടുണ്ട്. ഇത്ര നിസ്സാര കാര്യത്തിന് ഇങ്ങനെ വേവലായിപ്പെടേണ്ട കാര്യമെന്ത്? പ്രഭാഷകൻ പറയുന്ന തിപ്രകാരമാണ്. "വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്. അവനെ കണ്ടെത്തിയവൻ ഒരു നിധി കണ്ടെത്തിയിരിക്കുന്നു." ജീവിതപ്രശ്നങ്ങൾ നേരിടേണ്ടി വരുമ്പോൾ ഒന്നു മുട്ടുകുത്തി ആ വിശ്വസ്തസങ്കേതത്തിലേക്ക് കണ്ണുകളും കൈകളും ഉയർത്തി ഹൃദയത്തിന്റെ ഭാഷയിൽ സാധിക്കുന്നിടത്തോളം നേരം സ്തുതിച്ചും, ആരാധിച്ചും, പ്രാർത്ഥിച്ചും ഇരുന്നു നോക്കൂ. പതുക്കെ വളരെ പതുക്കെ ടെൻഷൻ കുറഞ്ഞു സമാധാനത്തിന്റെ ഒരു അവസ്ഥയിലേക്കു നീങ്ങുന്നതായി അനുഭവപ്പെടും. നമ്മുടെ ദൈവമായ കർത്താവ് നമുക്ക് സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഈ അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠ ജനതയാണുള്ളത് ?

പഴയ നിയമത്തിൽ ഇങ്ങനെ വായിക്കുന്നുണ്ടല്ലോ. 'ഉടനെ കർത്താവിൽ നിന്ന് അഗ്നി ഇറങ്ങി ബലിവസ്തുവും കണ്ണും കല്ലും വിറകും ദഹിപ്പിക്കുകയും ചാലിലെ വെള്ളം വറ്റിക്കുകയും ചെയ്തു." ഏലിയാപ്രവാചകൻ ബലിപീഠത്തിൽ ബലിവസ്തു വച്ചിട്ട് ദൈവത്തെ വിളിച്ച് പ്രാർത്ഥിച്ചപ്പോഴാണിങ്ങനെ സംഭവിച്ചത്. ബാലിന്റെ പ്രവാചകനാകട്ടെ ബലിപീഠത്തിൽ ബലിവസ്തുവച്ചിട്ട് പ്രഭാതം മുതൽ പ്രദോഷം വരെ വിളിച്ചപേക്ഷിച്ചിട്ട് ഉത്തരം കിട്ടിയില്ല. അടുത്തുനിൽക്കുന്ന ഒരു സ്നേഹിതനെപ്പോലെ ഏലിയാപ്രവാചകകൻ ഇപ്രകാരം പ്രാർത്ഥിച്ചു. 'കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ. അങ്ങുമാത്രമാണ് ദൈവമെന്നും അങ്ങ് ഇവരുടെ ഹൃദയങ്ങളെ തിരിച്ചുവിളിക്കുമെന്നും അവർ അറിയുന്നതിന് എന്റെ പ്രാർത്ഥന കേൾക്കണമെ."

സംഭവിക്കാൻ പോകുന്നതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ എല്ലാ കാര്യങ്ങളും ഉചിതമായി വിലയിരുത്തിത്തരാൻ കഴിവുള്ളയേശുവിനോട് ചേർന്നുനിൽക്കുക. ഒറ്റ നോട്ടത്തിൽ സ്വാർത്ഥതയെന്നു തോന്നുമെങ്കിലും സെബദിപുത്രന്മാർ ആഗ്രഹിച്ചതും മറ്റൊന്നല്ല. അവിടുത്തോടു ചേർന്നുനിൽക്കാൻ തന്നെ. പിറന്നുവീഴുന്ന കുഞ്ഞിന്റെ കാര്യത്തിൽ പെറ്റമ്മ പുലർത്തുന്ന ജാഗ്രത, അതാണ് നല്ലതമ്പുരാന്റെയും അഗാധസ്നേഹത്തിന്റെ പൊരുൾ "ഞാൻ നിങ്ങളോട് കല്പിക്കുന്നത് നിങ്ങൾ ചെയ്യുന്നെങ്കിൽ നിങ്ങൾ എന്റെ സ്നേഹിതന്മാരാണ്" യോഹന്നാനിലൂടെ വെളിവാക്കപ്പെട്ട വാക്കുകൾ. സങ്കീർത്തകൻ ഇങ്ങനെ എഴുതിവച്ചു: "അവൻ സ്നേഹത്തിൽ എന്നോടു ഒട്ടിനിൽക്കുന്നതിനാൽ ഞാൻ അവനെ രക്ഷിക്കും." നോമ്പും ഉപവാസവും അനുഷ്ഠിച്ചും പാപത്തെ വർജ്ജിച്ചുമുള്ള നോമ്പുകാലലക്ഷ്യം യേശു എന്ന സ്നേഹിതനെ സ്വന്തമാക്കാൻ മാത്രമാകട്ടെ!

**പത്രാധിപസമിതി**

# ഇടയശബ്ദം



പ്രിയമുള്ളവരേ,

തിരുനാൾ ആഘോഷങ്ങളുടെ തിമിർപ്പിലാണല്ലോ നാടു മുഴുവനും. എവിടെയൊക്കെ യാത്ര ചെയ്താലും കൊടിതോരണങ്ങളും, അലങ്കാരങ്ങളും കാണാം. ആർഭാടപൂർണ്ണമായ വാദ്യഘോഷങ്ങളും ഗാനമേളകളും ഡി.ജെ. പാർട്ടിയെ വെല്ലുന്ന രീതിയിൽ ഉച്ചത്തിലുള്ള ശബ്ദക്രമീകരണങ്ങളും മുടിയഴിച്ചിട്ട് മോഡേൺ വസ്ത്രമണിഞ്ഞ് ശിങ്കാരിമേളത്തിനും ബാന്റ് വാദ്യങ്ങൾക്കും മുമ്പിൽ ഉറഞ്ഞുതുള്ളുന്ന പെൺകുട്ടികളുടെ ആഘോഷ പ്രകടനങ്ങളുടെ വീഡിയോയാണ് എല്ലായിടത്തും വൈറലാകുന്നത്. എല്ലാവർക്കും പറയാനുള്ളത് കോവിഡ് കഴിഞ്ഞുള്ള പെരുനാളല്ലേ അടിച്ചുപൊളിക്കണം. കാണുന്നവരോടൊക്കെ പിരിവും വാങ്ങി വലിയ ഡിജിറ്റൽ വെടിക്കെട്ടും നടത്തി, "പാലാപ്പിള്ളി" പാട്ടുപാടി കഴിഞ്ഞിട്ട് എന്തുനേടി? ജീവിതം കർത്താവിന് വേണ്ടി ത്യാഗം ചെയ്തു അമ്പേറ്റ് മരിച്ച വി. സെബസ്ത്യാനോസിന്റെ ആ വിശുദ്ധ പ്രതീകത്തെ നാം വണങ്ങിയോ അതോ അവഹേളിച്ചോ? ആത്മാവ് നഷ്ടപ്പെട്ട ഒരു തിരുനാൾ കാലഘട്ടം കൂടി കടന്നുപോവുകയല്ലേ?

ഏശയ്യാ പ്രവാചകൻ പറയുന്നു: "സാബത്തിനെ ചവിട്ടി മെതിക്കുന്നതിൽ നിന്നും എന്റെ വിശുദ്ധ ദിവസത്തിൽ നിന്റെ ഇഷ്ടം അനുവർത്തിക്കുന്നതിൽ നിന്നും നീ പിന്തിരിയുക. സാബത്തിനെ സന്തോഷദായകവും കർത്താവിന്റെ വിശുദ്ധദിനത്തെ ബഹുമാന്യവുമായി കണക്കാക്കുക. നിന്റെ സ്വന്തം വഴിയിലൂടെ നടക്കാതെയും നിന്റെ താൽപര്യങ്ങൾ അന്വേഷിക്കാതെയും വ്യർത്ഥ ഭാഷണത്തിലേർപ്പെടാതെയും അതിനെ ആദരിക്കുക. അപ്പോൾ നീ കർത്താവിൽ ആനന്ദം

കണ്ടെത്തും. ലോകത്തിലെ ഉന്നത സ്ഥാനങ്ങളിലൂടെ നിന്നെ ഞാൻ സവാരി ചെയ്യിക്കും. കർത്താവാണിത് അരുളി ചെയ്യുന്നത്." (ഏശ: 58:13-14)

യഥാർത്ഥമായ ഉപവാസത്തെക്കുറിച്ച് പ്രവാചകനായ ഏശയ്യായിലൂടെ പറഞ്ഞ് വയ്ക്കുന്നതിപ്രകാരമാണ്. "ആവുന്നത്ര ഉച്ചത്തിൽ വിളിച്ചുപറയുക. കാഹളം പോലെ സ്വരം ഉയർത്തുക. എന്റെ ജനത്തോട് അവരുടെ അതിക്രമങ്ങൾ, യാക്കോബിന്റെ ഭവനത്തോട് അവരുടെ പാപങ്ങൾ, വിളിച്ചുപറയുക.

നീതി പ്രവർത്തിക്കുകയും തങ്ങളുടെ ദൈവത്തിന്റെ കൽപ്പനകൾ ലംഘിക്കാതിരിക്കുകയും ചെയ്യുന്ന ഒരു ജനതയെന്നോണം അവർ ദിവസേന എന്നെ അന്വേഷിക്കുകയും എന്റെ മാർഗ്ഗം തേടുന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നു. ദൈവത്തോട് അടുക്കാൻ താൽപ്പര്യം കാണിക്കുകയും വേണം." (ഏശ: 58:1-2)

കലഹിക്കുന്നതിനും ശണ്ഠ കൂടുന്നതിനും ക്രൂരമായി മുഷ്ടി കൊണ്ട് ഇടിക്കുന്നതിനും മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്. നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല. (ഏശ: 58: 4)

ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഉപവാസം. വിശക്കുന്നവനുമായി ആഹാരം പങ്കുവെയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ ഉപവാസം? അമ്പത് നോമ്പിന്റെ കൃപയിലേക്ക് വളരാനുള്ള കൃപ പ്രായശ്ചിത്തത്തിലൂടെയും പരിഹാരബലികളിലൂടെയും ആർജ്ജിച്ചെടുക്കാൻ ഈ അമ്പത് നോമ്പ് നമ്മളെ സഹായിക്കട്ടെ. നോമ്പെടുത്ത്, ഉപവസിച്ച്, കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനയിലൂടെ നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കാനാകട്ടെ എന്നാശംസിക്കുന്നു.

ഒത്തിരി പ്രാർത്ഥനയോടെ

**ജെയ്സനച്ചൻ**




# ഓർമ്മിക്കുക ആചരിക്കുക

## ഫെബ്രുവരി 2023

| | | |
|---|---|---|
| 01-02-2023 | ബുധൻ | വി. ബ്രിജീത്ത |
| 02-02-2023 | വ്യാഴം | നമ്മുടെ കർത്താവിന്റെ കാഴ്ചവെപ്പ് |
| 03-02-2023 | വെള്ളി | വി. ബ്ലെയിസ് (മാസാദ്യ വെള്ളി) |
| 04-02-2023 | ശനി | വി. ജോൺ ബ്രിട്ടോ |
| 05-02-2023 | ഞായർ | വി. അഗാത്ത |
| 06-02-2023 | തിങ്കൾ | വി. ഗോൺസാലോ ഗാർസിയ |
| 11-02-2023 | ശനി | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 12-02-2023 | ഞായർ | വി. ബനഡിക്ട് |
| 13-02-2023 | തിങ്കൾ | വി. കാതറിൻ |
| 14-02-2023 | ചൊവ്വ | വി. വാലന്റയിൻ |
| 18-02-2023 | ശനി | വി. ശിമയോൻ |
| 20-02-2023 | തിങ്കൾ | വിഭൂതി നോമ്പാരംഭം |
| 21-02-2023 | ചൊവ്വ | വി. പീറ്റർ ഡാമിയൻ |
| 23-02-2023 | വ്യാഴം | വി. പോളികാർപ്പ് |
| 25-02-2023 | ശനി | വാഴ്ത്തപ്പെട്ട സി. റാണി മരിയ |
| 26-02-2023 | ഞായർ | നോമ്പ് രണ്ടാം ഞായർ |

**ചായക്കൂട്ട് ചിത്രങ്ങളും, ബൈബിൾ ക്വിസ് ഉത്തരങ്ങളും മരിയനാദം Mail ലേക്കും അയക്കാവുന്നതാണ്**

Email:mariyanadham.info@gmail.com
www.ayyantholechurch.com

# കേന്ദ്ര കുടുംബകൂട്ടായ്മ വാർത്തകൾ

**കുടുംബ കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ നടത്തിയ കരോൾ സോങ്ങ്, നക്ഷത്ര, പുൽക്കൂട് മത്സരങ്ങളിലെ വിജയികൾ**

**കരോൾ സോങ്ങ് - പത്തു ടീമുകൾ പങ്കെടുത്തു**

ഒന്നാം സമ്മാനം ഹോളി ട്രിനിറ്റി

രണ്ടാം സമ്മാനം സെൻറ് പോൾസ്

മൂന്നാം സമ്മാനം ഹോളി ഫാമിലി

**നക്ഷത്ര മത്സരം - ഒൻപതു ടീമുകൾ പങ്കെടുത്തു**

ഒന്നാം സമ്മാനം സെൻറ് പീറ്റർ

രണ്ടാം സമ്മാനം സെൻറ് മേരീസ്

മൂന്നാം സമ്മാനം ഹോളി ഫാമിലി

പുൽക്കൂട് മത്സരം - പതിനാലു ടീമുകൾ പങ്കെടുത്തു

ഒന്നാം സമ്മാനം - ലെക്സൺ കരേരകാട്ടിൽ - ലിറ്റൽ ഫ്ലവർ

രണ്ടാം സമ്മാനം - ജോർജ് ചാഴൂർ - സെൻറ് പോൾസ്

മൂന്നാം സമ്മാനം - വില്ലി മാറോക്കി - ഹോളി ഫാമിലി

പ്രോത്സാഹന സമ്മാനങ്ങൾ

പോളി അയ്യന്തോൾ - സെൻറ് സെബാസ്റ്റ്യൻ

ജോൺസൻ വടക്കൻ നൈസൻ - സെൻറ് ആന്റണി

വിൽസൺ മാപ്രാണം - സെൻറ് പീറ്റർ

മത്സരങ്ങളിൽ പങ്കെടുത്ത എല്ലാവർക്കും നേതൃത്വം നൽകിയ യൂണിറ്റ് ഭാരവാഹികൾക്കും നന്ദി രേഖപെടുത്തുന്നു .

ആഘോഷങ്ങളുടെ വിജയത്തിനായി പ്രവർത്തിച്ച അഡ്വക്കേറ്റ് റസ്സൽ, അഡ്വക്കേറ്റ് നെറ്റോ നെല്ലിശ്ശേരി, റോബി സെബാസ്റ്റ്യൻ, മേരി ലാസർ ടീച്ചർ, ജോർലിൻ ജോഷി, ആർദ്ര ജോമോൻ, വിൽസൺ കൈപ്പറമ്പിൽ, ടോണി തരകൻ, പ്രിൻസ് വിൻസെന്റ് എന്നിവർക്കു നന്ദി രേഖപ്പെടുത്തുന്നു .

# കുടുംബകൂട്ടായ്മ വാർത്തകൾ

## ഹോളി ട്രിനിറ്റി കുടുംബ കൂട്ടായ്മ

ഹോളി ട്രിനിറ്റി കുടുംബ കൂട്ടായ്മയുടെ ജനുവരി മാസത്തിലെ യോഗം 2023 ജനുവരി 15ന് ശ്രീ ലിജോ വടക്കുട്ടിന്റെ ഭവനത്തിൽ വച്ച് വികാരിയച്ചന്റെ അധ്യക്ഷതയോട് കൂടി കൂടുകയുണ്ടായി. പ്രാർത്ഥനയോടെ യോഗം ആരംഭിക്കുകയും ശ്രീ ലിജോ യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്തു.

യൂണിറ്റിലെ മുൻകുടുംബാംഗമായിരുന്ന ശ്രീമതി മേരി ജോസ് കുന്നന്റെ വേർപാടിനെ സ്മരിച്ചുകൊണ്ട് മൗന പ്രാർത്ഥന നടത്തി. ക്രിസ്തുമസിനോട് അനുബന്ധിച്ച് നടത്തിയ കരോൾ ഗാന മത്സരത്തിൽ നമ്മുടെ യൂണിറ്റിനെ ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി,പങ്കെടുത്ത എല്ലാവരെയും പ്രത്യേകം അനുമോദിക്കുകയും ശ്രീമതി മേരി ലാസറിന്റെ നേതൃത്വത്തിൽ സമ്മാനം നൽകുകയും ചെയ്തു. കുടുംബ കൂട്ടായ്മയിൽ നടത്തപ്പെടുന്ന പ്രാർത്ഥനയ്ക്ക് കുടുംബാംഗങ്ങൾ നേതൃത്വം നൽകുന്നത് നല്ലതായിരിക്കും എന്ന് വികാരിയച്ചൻ അഭിപ്രായപ്പെട്ടു.

തിരുനാളിന്റെ ഭാഗമായ അമ്പ് എഴുന്നുള്ളിപ്പ് യൂണിറ്റിലെ മൂന്ന് ഭവന കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തുവാൻ തീരുമാനിച്ചു,ആയത് ശ്രീ ജെറി തോട്ടന്റെ ഭവനത്തിൽ നിന്ന് ആരംഭിച്ച ശ്രീ സുരേഷ് ജേക്കബിന്റെ ഭവനത്തിൽ അവസാനിക്കുന്നത് ആയിരിക്കും.

യോഗത്തിൽ 21 കുടുംബങ്ങളിൽ നിന്നായി 30 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മാസത്തെ യോഗം ശ്രീമതി സ്റ്റാർലിൻ വർഗീസ് പയ്യപിള്ളിയുടെ ഭവനത്തിൽ നടത്തുവാൻ തീരുമാനിച്ചു.യോഗത്തിൽ വന്ന എല്ലാവർക്കും സ്നേഹവിരുന്ന് നൽകുകയുണ്ടായി,തുടർന്ന് യോഗം അവസാനിച്ചു.

## ലിറ്റിൽഫ്ളവർ കുടുംബകൂട്ടായ്മ

15.01.2023 3 മണിക്ക് പ്രൊഫസർ രാജു ജോൺ തറയിലിന്റെ വീട്ടിൽ ആരംഭിച്ചു. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് പ്രാർത്ഥനായോഗം ആരംഭിക്കുകയും, ഗൃഹനാഥൻ സ്വാഗതം പറയുകയും ചെയ്തു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. 2023 ജനുവരി തിരുനാൾ അമ്പ് നാലുമണിക്ക് തോമസ് കൂനംപ്ലാവിലിന്റെ വീട്ടിൽ ആരംഭിക്കുകയും, 11 മണിക്ക് പള്ളിയിൽ എത്തിച്ചേരുന്നതിനും തീരുമാനിച്ചു. ക്രിസ്തുമസിനോടനുബന്ധിച്ച് നടത്തിയ കരോൾ, ട്രീ, പുൽക്കൂട് മത്സരങ്ങൾ ഏറ്റെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. യോഗം 4.30ന് പ്രാർത്ഥനയോടെ അവസാനിച്ചു.

# 02-02-2025 കാലഘട്ടത്തിലേയ്ക്കുള്ള പ്രതിനിധിയോഗ മെമ്പർമാർ

## Ex-Officio Members

1. റവ. ഫാ. ജെയ്സൺ പുന്നശ്ശേരി (വികാരി)
2. ജോഷി കരേരക്കാട്ടിൽ (കൈക്കാരൻ)
3. അഗസ്റിൻ തരകൻ (കൈക്കാരൻ)
4. സുരേഷ് ജേക്കബ്ബ് (കൈക്കാരൻ)
5. വിൻസെന്റ് കരേരക്കാട്ടിൽ (കൈക്കാരൻ)
6. മേഫി ഡെൽസൻ (പാസ്റ്ററൽ കൗൺസിൽ)
7. ജോഫിൻ ജോൺ കൊളങ്ങര (പാസ്റ്ററൽ കൗൺസിൽ)

## Elected Members കുടുംബകൂട്ടായ്മ പ്രതിനിധികൾ

1. സെബാസ്റ്റൻ എലുവത്തിങ്കൽ - സെന്റ് ജോസഫ്
2. ജെയിംസ് കളപ്പുരക്കൽ - സെന്റ് ജോസഫ്
3. ജെൽഫൻ വടക്കൻ - സെന്റ് ആന്റണീസ്
4. നിക്കോളാസ് വടക്കൻ - സെന്റ് ആന്റണിസ്
5. ഡെൽസൻ കെ. ഡേവിസ് - ലിറ്റിൽ ഫ്ളവർ
6. സൈമൺ എ.ജെ. ആലപ്പാട്ട് - ലിറ്റിൽ ഫ്ളവർ
7. സെബാസ്റ്റ്യൻ ഒഴുകയിൽ - സെന്റ് മേരീസ്
8. ജെസ്റ്റിൻ മുട്ടിക്കൽ - സെന്റ് മേരീസ്
9. ജോബി ചിറ്റിലപ്പിള്ള - സെന്റ് അൽഫോൻസ
10. ബാബു ജോർജ്ജ് ചിറ്റിലപ്പിള്ളി - സെന്റ് അൽഫോൻസ
11. അഡ്വ. റസ്സൽ കല്ലൂർ - ഹോളി ഫാമിലി
12. ബിന്ദു റോബി ആലപ്പാട്ട് - ഹോളി ഫാമിലി
13. സുരേഷ് ജേക്കബ്ബ് - ഹോളി ട്രിനിറ്റി
14. അഡ്വ. ജെനൊ ആന്റണി - ഹോളി ട്രിനിറ്റി
15. മേജോ ജോസ് കുന്നൻ - ക്രിസ്തു രാജ
16. ജോസ് അറയ്ക്കപ്പാടൻ - ക്രിസ്തു രാജ
17. ഡോ. ആന്റോ ഫ്ളോറൻസ് - സെന്റ് തോമസ്
18. ആന്റണി ചീരോത - സെന്റ് തോമസ്
19. ജോസഫ് രാജു അക്കര - സെന്റ് സേവ്യർ
20. ജോസഫ് മുണ്ടശ്ശേരി - സെന്റ് സേവ്യർ
21. ബൈജു കൊക്കൻ - സെന്റ് പോൾസ്

# 119-ാം ചരമദിനം

**18-02-2023**



## ചുങ്കത്ത് ജേക്കബ്ബ് ഭാര്യ

# മേരി

ജനനം : 19-05-1943 മരണം : 23-10-2022

പ്രാർത്ഥനാപൂർവ്വം : കുടുംബാംഗങ്ങൾ

സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ

11-ാം ചരമവാർഷികം
08.02.2023



# കോമ്പാറ റപ്പായി
# ലോനപ്പൻ

ജനനം : 13.09.1933
മരണം : 08.02.2012

81-ാം ചരമദിനം
08.02.2023



# കോമ്പാറ ലോനപ്പൻ ഭാര്യ
# കൊച്ചുത്രേസ്യ

ജനനം : 27.12.1940
മരണം : 20.11.2022

അയ്യന്തോൾ

വേർപാടിന്റെ വേദനയുമായി കുടുംബാംഗങ്ങൾ

ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ

22. ജോർജജ് കൈതാരൻ - സെന്റ് പോൾസ്
23. ജിന്റോ കോടങ്കണ്ടത്ത് - സെന്റ് പീറ്റർ
24. ജോൺസൺ കാഞ്ഞിരത്തിങ്കൽ - സെന്റ് പീറ്റർ
25. പോൾ മഞ്ഞില - സെന്റ് ജോൺസ്
26. ജോഷി ജോയ് ചിറ്റിലപ്പിള്ളി - സെന്റ് ജോൺസ്
27. സാബു തരകൻ - മഡോണ
28. സെബി പുളിക്കൻ - മഡോണ
29. റോബി കാഞ്ഞിരത്തിങ്കൽ - സെന്റ് സെബാസ്റ്റ്യൻ
30. ബിന്നി പോൾ - സെന്റ് സെബാസ്റ്റ്യൻ

**വിശ്വാസ പരിശീലനം**

1. ജോയ് കരേരക്കാട്ടിൽ - പ്രിൻസിപ്പാൾ, മതബോധനം

**സംഘടന പ്രതിനിധികൾ**

1. റോയ് ഒലക്കേങ്കിൽ (Vincent De Paul)
2. പൗളി പോൾ - (മാതൃവേദി)
3. ആൽബിൻ ക്രിസ്റ്റോ - (CLC)

**സന്ന്യാസ സമുഹ പ്രതിനിധി**

1. റവ. സി. കാതറിൻ CHF മദർ, നിർമ്മല കോൺവെന്റ്, അയ്യന്തോൾ

## Nominated Members

1. അഡ്വ. നെറ്റോ നെല്ലിശ്ശേരി
2. ഷാജു കരേരക്കാട്ടിൽ
3. ബെഞ്ചമിൻ താണിക്കൽ
4. ജേയ്ക്ക് ചുങ്കത്ത്
2. സ്റ്റാർലിൻ പയ്യപ്പിള്ളി
6. ജോർജ്ജ് കൈപ്പറമ്പിൽ
7. പ്രിൻസ് കരേരക്കാട്ടിൽ
8. മെഫിൻ തയ്യലാക്കൽ
9. അഡ്വ. രാജീവ് തലക്കോട്ടുകര
10. ജോർലിൻ ജോഷി കരേരക്കാട്ടിൽ
11. മേരി ലാസർ കോനിക്കര
12.ശോഭന പുളിക്കോട്ടിൽ
13. ജോമി ജോസഫ് വെളിയന്നുക്കാരൻ
14. സ്റ്റാൻലി തോമസ് കാക്കശേരി

# സെമിത്തേരികളെ സംബന്ധിച്ച നിയമാവലി

**സൂചിക:**

a) പൗരസത്യസഭകളുടെ കാനോനസംഹിത (CCEO c.874)

b) കുഴിമാടങ്ങൾ, കല്ലറകൾ എന്നിവയെ സംബന്ധിച്ച സീറോ-മലബാർ സഭയുടെ പ്രത്യേക നിയമവും (പള്ളിയോഗ നടപടിക്രമങ്ങൾ, നമ്പർ 8:8) അതിരൂപതാനിയമവും (തൃശൂർ അതിരൂപതാ നിയമാവലി, അനുബന്ധം -1, പേജ് 10, 8:8)

c) ഇടവക സിമിത്തേരികളിലെ കല്ലറകളുടെ ഫീസും ഉപയോഗത്തിന്റെ കാലാവധിയും മറ്റും സംബന്ധിച്ച് ഐകരൂപ്യം ഉണ്ടാക്കുന്നതിന് ആവശ്യമായ പഠനം നടത്താൻ നിയോഗിക്കപ്പെട്ട കമ്മീഷന്റെ (No. 2733/08 dated 08-12-08) റിപ്പോർട്ട് (dated 31.03.09)

മേൽപ്പറഞ്ഞ രേഖകളുടെയും പഠനത്തിന്റെയും വെളിച്ചത്തിൽ, പൗരസ്ത്യ കാനൻനിയമത്തിനും സീറോ - മലബാർ സഭയുടെ പ്രത്യേക നിയമത്തിനും വിധേയമായി, അതിരുപതയിലുള്ള ഇടവകപ്പള്ളികളിലെ സിമിത്തേരിയുടെ ഉപയോഗം സംബന്ധിച്ച അതിരൂപതാനിയമാവലി താഴെ കൊടുത്തിരിക്കുന്നു.

## A) അംഗീകൃതമായ കല്ലറകൾ

പള്ളി സിമിത്തേരികളിൽ മൃതസംസ്കാരത്തിനായി താഴെ പറയുന്ന വിവിധതരം കല്ലറകൾ ഉണ്ടാക്കാവുന്നതാണ. 1. കുഴിമാടങ്ങൾ 2. സാധാരണ കല്ലറകൾ 3. സ്ഥിരം കല്ലറകൾ 3. 1. ഒരാൾ കല്ലറകൾ 3.2. ദമ്പതി കല്ലറകൾ, 3.3. കുടുംബ കല്ലറകൾ. ഇത്തരം കല്ലറകൾ ബെർത്ത്, സെൽ മാതൃകയിലും ഉണ്ടാക്കാവുന്നതാണ്. കല്ലറകൾക്കു പുറമേ ഭൗതികാവശിഷ്ടം സൂക്ഷിക്കുന്ന ചെറിയ സെല്ലുകൾ, സ്മാരകശിലകൾ എന്നിവയും ഉണ്ടാക്കാവുന്നതാണ്.

1. കുഴിമാടങ്ങൾ - ഓരോ മൃതസംസ്കാരാവശ്യത്തിനായി മണ്ണിൽ വെട്ടിയുണ്ടാക്കുന്ന കുഴികളെയാണ് കുഴിമാടങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ മൃതദേഹം മണ്ണുകൊണ്ടുതന്നെ മൂടി സംസ്കരിക്കുന്നു. യാതൊരുവിധ സ്ഥിരമായ നിർമ്മാണപ്രവർത്തനങ്ങളും ഇവയോടനുബന്ധിച്ച് പാടുള്ളതല്ല. പള്ളിയോഗം നിശ്ചയപ്രകാരം കുഴിമാടങ്ങൾ സൗജന്യമായോ ചെറിയ സംഖ്യ കുഴിക്കാണം വാങ്ങിയോ നൽകാവുന്നതാണ്.

2. സാധാരണ കല്ലറകൾ - പള്ളിയോഗം നിശ്ചയിക്കുന്ന സാധാരണ കുഴിക്കാണം നൽകി മൃതദേഹം സംസ്കരിക്കുന്നതിന് ഇടവക സ്വന്തമായി പണികഴിപ്പിച്ചിട്ടുള്ള സ്ഥിരസ്വഭാവമുള്ള കല്ലറകളെയാണ് സാധാരണകല്ലറകൾ എന്നു വിളിക്കുന്നത്. കല്ലറകൾ സ്ഥിരമായി നിർമ്മിച്ചവയാണെങ്കിലും ഇവയിൽ സംസ്കരിക്കപ്പെടുന്നവരുടെ ബന്ധുക്കൾക്ക് കല്ലറയെ സംബന്ധിച്ച് പ്രത്യേക അവകാശങ്ങൾ ഒന്നും ഇല്ല. ഇവയുടെ ഉപയോഗം സംബന്ധിച്ച മുഴുവൻ അധികാരവും ഇടവകയ്ക്കായിരിക്കും.

3. സ്ഥിരം കല്ലറകൾ - പൊതുനിയമത്തിനുള്ളിൽ നിന്നുകൊണ്ട് പള്ളിയോഗം നിശ്ചയിച്ചിട്ടുള്ള ഉയർന്ന നിരക്കനുസരിച്ചുള്ള സംഖ്യ അടച്ച് വ്യക്തികൾ/കുടുംബങ്ങൾ/ദമ്പതികൾ എന്നിവരുടെ മൃതസംസ്കാരത്തിനായി നിശ്ചിത കാലയളവിലേക്ക് വാങ്ങുന്ന കല്ലറകളെയാണ് സ്ഥിരം കല്ലറകൾ എന്നു നിർവചിച്ചിട്ടുള്ളത്. ഇതിൽ സംസ്കരിക്കുന്ന മൃതദേഹങ്ങളുടെ എണ്ണം അനുസരിച്ച് ഇവ വിവിധ ഗണത്തിൽപ്പെടുന്നു.

3.1. ഒരാളെ സംസ്കരിക്കുന്ന സ്ഥിരം കല്ലറ - ഒരു മൃതദേഹം മാത്രം സംസ്കരിക്കുന്നതിനായി, ഇത്തരം കല്ലറകൾക്ക് യോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് വാങ്ങുന്ന കല്ലറകളാണിവ. നിശ്ചിതകാലഘട്ടം കല്ലറ നിലനിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യാവുന്നതുമാണ്. ഇടവകയോഗം അനുവദിക്കുന്നുണ്ടെങ്കിൽ തൊട്ടടുത്ത് വാങ്ങിയിരിക്കുന്ന രണ്ട് വ്യത്യസ്ത ഒരാൾ കല്ലറകൾക്ക് ഒറ്റ സ്ലാബ് ഇടാവുന്നതാണ്. ഇടവക യോഗനിശ്ചയം അനുവദിക്കുന്നുണ്ടെങ്കിൽ കൂടുതലായി നൽകേണ്ട സംഖ്യ അടച്ച് ഇത്തരം കല്ലറകൾ ദമ്പതീ കല്ലറകളായോ കുടുംബ കല്ലറകളായോ മാറ്റാവുന്നതാണ്.

3.2. ദമ്പതി കല്ലറകൾ - ദമ്പതികളെ സംസ്കരിക്കുന്നതിനായി, ഇത്തരം കല്ലറകൾക്ക് യോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് വാങ്ങുന്ന കല്ലറകളാണിവ. നിശ്ചിത കാലഘട്ടം കല്ലറ നിലനിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യാവുന്നതുമാണ്. ഇടവക യോഗനിശ്ചയം അനുവദിക്കുന്നുണ്ടെങ്കിൽ കൂടുതലായി നൽകേണ്ട സംഖ്യ അടച്ച് ഇത്തരം കല്ലറകൾ കുടുംബ കല്ലറകളായി മാറ്റാവുന്നതാണ്.

3.3. കുടുംബകല്ലറകൾ - പൊതുനിയമം നിശ്ചയിച്ചിട്ടുള്ള കുടുംബാംഗങ്ങളെ മുഴുവനും സംസ്കരിക്കുന്നതിന്, ഇത്തരം കല്ലറകൾക്ക് യോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് വാങ്ങുന്ന

കല്ലറകളാണ് കുടുംബകല്ലറകൾ. നിശ്ചിത കാലഘട്ടം കല്ലറ നില നിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യാവുന്നതുമാണ്.

4. ഭൗതികാവശിഷ്ടം സൂക്ഷിക്കുന്ന ചെറിയ സെല്ലുകൾ - കല്ലറ കളിലോ കുഴിമാടങ്ങളിലോ സംസ്കരിച്ച മൃതദേഹാവശിഷ്ടങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായി സെമിത്തേരികളിൽ / അതിരൂപത കാര്യാലയം അനുവദിക്കുന്ന മറ്റു സ്ഥലങ്ങളിൽ ഉണ്ടാക്കുന്ന ചെറിയ സെല്ലുകളാണ് ഇവ. ഇവയുടെ കാലാവധി 40 വർഷമായി രിക്കും. ഇവക്കു നൽകേണ്ട സംഖ്യ എത്രയെന്ന് നിശ്ചയിക്കാ നുള്ള അധികാരം പള്ളിയോഗത്തിനായിരിക്കും.

5. സ്മാരകശിലകൾ - മരിച്ചുപോയ പൂർവ്വകരുടെ സ്മരണ യ്ക്കായി ഭൗതികാവശിഷ്ടം ഇല്ലാതെ പരസ്യബോർഡുകൾ പോലെ സെമിത്തേരിയിൽ/അതിരൂപത കാര്യാലയം അനുവദി ക്കുന്ന മറ്റു സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന നിശ്ചിത അളവിലുള്ള അനുസ്മരണ ബോർഡുകൾ/ഫലകങ്ങൾ (Memorial Planks) ആണ് ഇവ. ഇവയിൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയെ സംബന്ധിച്ച വിവരങ്ങൾ മാത്രമേ രേഖപ്പെടുത്താവൂ. ഇവയുടെ കാലാവധി 40 വർഷമായിരിക്കും. ഇവക്കു നൽകേണ്ട സംഖ്യ എത്രയെന്ന് നിശ്ചയിക്കാനുള്ള അധികാരം പള്ളിയോഗത്തിനായിരിക്കും.

B) കല്ലറകളുടെ നിരക്ക്

1. കുഴിമാടങ്ങളുടെ/കല്ലറകളുടെ ഫീസ് നിശ്ചയിക്കാനുള്ള അധി കാരം ബന്ധപ്പെട്ട പള്ളിയോഗത്തിനാണ്. പുതിയ കല്ലറകൾ ഉണ്ടാക്കുമ്പോഴും നിലവിലുള്ള നിരക്കിൽ മാറ്റം വരുത്തുമ്പോഴും അതിന് പള്ളിയോഗ (പൊതുയോഗം / പ്രതിനിധിയോഗം) തീരുമാനപ്രകാരം അതിരൂപതാകാര്യാലയത്തിൽ നിന്നും അംഗീ കാരം വാങ്ങേണ്ടതാണ്.

2. ദമ്പതി, കുടുംബ കല്ലറകളിൽ ഒന്നിൽ കൂടുതൽ മൃതസംസ് കാരം നടത്തുമ്പോൾ ഓരോ പ്രാവശ്യവും അതാത് കല്ലറകൾക്ക് അന്ന് നിലവിലുള്ള സംഖ്യയുടെ 50% അടയ്ക്കണം. എന്നാൽ ദമ്പതി കല്ലറകളുടെ കാര്യത്തിൽ മരണാനന്തര ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ രണ്ടാമത്തെ വ്യക്തി ജീവിച്ചിരിക്കെതന്നെ അന്നു നിലവിലുള്ള സംഖ്യയുടെ 50% അടയ്ക്കാൻ അതിരൂപതാധ്യക്ഷന് പ്രത്യേകം അനുവദിക്കാ വുന്നതാണ്.

3. സ്ഥിരം കല്ലറകൾ, ദമ്പതി കല്ലറകൾ, കുടുംബ കല്ലറകൽ എന്നിവയുടെ നിരക്കിൽ വരുത്തുന്ന മാറ്റം സാധാരണ കല്ലറയുടേതുമായി ബന്ധിപ്പിക്കരുത്. (ഉദാ. സാധാരണ കല്ലറയുടെ നാലിരട്ടി എന്ന് പറയരുത്.) ദമ്പതി കല്ലറകൾ, കുടുംബ കല്ലറകൾ എന്നിവയുടെ നിരക്ക് എപ്പോഴും ഒരാളെ അടക്കാനുള്ള സ്ഥിരം കല്ലറകളുടെ നിരക്കിനേക്കാൾ കൂടിയിരിക്കണം.

4. പാവപ്പെട്ടവർക്ക് കുഴിമാടങ്ങളുടെ/സാധാരണ കല്ലറകളുടെ കുഴിക്കാണം ആവശ്യമെങ്കിൽ ഒഴിവാക്കി നൽകാവുന്നതാണ്.

5. ഇടവകക്കാരല്ലാത്തവരെ കല്ലറകളിൽ (സാധാരണ കല്ലറകളുൾപ്പെടെ) സംസ്കരിക്കുമ്പോൾ ഇടവകക്കാർ നൽകുന്ന സംഖ്യയുടെ 50% കൂടുതൽ നൽകണം. എന്നാൽ സ്ഥിരം കല്ലറ വാങ്ങിയിട്ടുള്ളവർക്കും പ്രസ്തുത സെമിത്തേരിയിൽ മൃതസംസ്കാരം നടത്താൻ അതിരൂപത കാര്യാലയം അനുവദിച്ചിട്ടുള്ള ഇടവകക്കാർക്കും ഇത് ബാധകമല്ല.

6. സെമിത്തേരി സ്വന്തമായി ഇല്ലാത്ത പുതിയ ഇടവകക്കാരുടെ മൃതസംസ്കാരത്തിന് മാതൃ ഇടവകപള്ളിയിൽ ലഭിക്കുന്ന സ്ഥിരം കല്ലറയുടെ (ഒരാൾ, ദമ്പതി, കുടുംബ കല്ലറകൾ) ഫീസിന്റെ 25% ലഭിക്കാൻ അത്തരം പുതിയ ഇടവകപള്ളിക്ക് അവകാശമുണ്ടായിരിക്കും. പുതിയ ഇടവകയിൽ നിന്നുള്ള മൃതസംസ്കാരത്തിന് മാതൃഇടവകപള്ളി അധികചാർജ്ജും ഈടാക്കാൻ പാടുള്ളതല്ല.

## C) കല്ലറകളുടെ കാലാവധി

1. കുഴിമാടങ്ങൾ/സാധാരണ കല്ലറകൾ എന്നിവയുടെ ഉപയോഗം, കാലപരിധി തുടങ്ങിയവയെ സംബന്ധിച്ച മുഴുവൻ അധികാരങ്ങളും ഇടവകയ്ക്കായിരിക്കും. സ്ഥിരം കല്ലറകളുടെ കാലാവധി 40 വർഷവും ദമ്പതി കല്ലറകളുടെ കാലാവധി അവസാനത്തെ ദമ്പതിയുടെ മൃതസംസ്കാരത്തിനുശേഷം 40 വർഷവും കുടുംബകല്ലറകളുടെ കാലാവധി പൊതുനിയമം അംഗീകരിക്കുന്ന ഗുണഭോക്താക്കളിൽ അവസാന വ്യക്തിയെ സംസ്കരിച്ച തീയതി മുതൽ 40 വർഷവും ആയിരിക്കും.

2. സ്ഥിരം കല്ലറകളുടെ (ഒരാൾ, ദമ്പതി, കുടുംബ കല്ലറകൾ) കാലാവധി കഴിഞ്ഞാൽ അവ പൊളിക്കാതിരിക്കാൻ ഏതു വിഭാഗം കല്ലറയാണെങ്കിൽ അതിന്റെ നിലവിലുള്ള ഫീസ് അടച്ച് പള്ളിയോഗ തീരുമാനപ്രകാരം അവയുടെ കാലാവധി പുതുക്കാവുന്ന

താണ്.

3. കാലപ്പഴക്കം കൊണ്ട് നശിച്ചുപോയ പഴയ കല്ലറകൾ പുനരുദ്ധരിക്കേണ്ടതില്ല. അങ്ങനെ ചെയ്യണമെങ്കിൽ അതിരൂപത കാര്യാലയത്തിൽ നിന്ന് അനുവാദം വാങ്ങേണ്ടതാണ്.

D) കല്ലറകളുടെ അവകാശം

1. സഭാപരമായ ശിക്ഷയിൽ ഉൾപ്പെട്ടിരിക്കുന്നവർ ഒഴികെയുള്ള ഇടവകാംഗങ്ങളായ മുഴുവൻ വിശ്വാസികൾക്കും സെമിത്തേരിയുടെ ഉപയോഗം സംബന്ധിച്ച നിയമങ്ങൾക്കു വിധേയമായി ആ ഇടവകയിലെ/ ആ ഇടവകക്കാരുടെ ഉപയോഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള മറ്റൊരു ഇടവകയുടെ സെമിത്തേരിയിൽ മൃതസംസ്കാരത്തിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇടവകാതിർത്തിയിൽ അനാഥാലയങ്ങൾ ഉണ്ടെങ്കിൽ അവയിലെ കത്തോലിക്കാവിശ്വാസികളായ സ്ഥിരാംഗങ്ങൾക്ക് ആവശ്യമെങ്കിൽ ആ ഇടവകയിലെ/ആ ഇടവകക്കാരുടെ ഉപയോഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള മറ്റൊരു ഇടവകയുടെ സെമിത്തേരിയിൽ മൃതസംസ്കാരം നടത്താൻ അനുവദിക്കേണ്ടതാണ്.

2. സെമിത്തേരി ഇല്ലാത്ത ഇടവകകളിലെ വിശ്വാസികൾക്ക് മാതൃ ഇടവകയിൽ/അതിരൂപത കാര്യാലയം അനവദിക്കുന്ന ഇടവകയിൽ കുഴിമാടങ്ങൾ, സാധാരണ കല്ലറകൾ, സ്ഥിരം കല്ലറകൾ (ഒരാൾ, ദമ്പതീ, കുടുംബം) എന്നിവക്ക് ആ ഇടവകക്കാർക്ക് ബാധകമായ നിയമങ്ങൾക്ക് വിധേയമായി അവകാശം ഉണ്ടായിരിക്കുന്നതാണ്.

3. ദമ്പതീകല്ലറകൾ : വാങ്ങുന്ന വ്യക്തിയെയും ടിയാളുടെ കൗദാശിക വിവാഹത്തിലെ ജീവിതപങ്കാളി/പങ്കാളികളെ ഈ കല്ലറയിൽ സംസ്കരിക്കാവുന്നതാണ്.

4. കുടുംബകല്ലറകൾ : കല്ലറ ആരുടെ പേരിൽ എടുക്കുന്നുവോ ആ വ്യക്തിക്കും ടിയാളുടെ ജീവിതപങ്കാളിക്കും/ജീവിതപങ്കാളികൾക്കും (നമ്മുടെ പാരമ്പര്യമനുസരിച്ച് സ്ത്രീ പുനർവിവാഹം ചെയ്താൽ മറ്റൊരു കുടുംബത്തിന്റെ ഭാഗമാകും. അതിനാൽ കല്ലറ വാങ്ങുന്നത് കുടുംബനാഥയാണെങ്കിൽ ടിയാൾ പുനർവിവാഹം ചെയ്താൽ പ്രസ്തുത പുനർവിവാഹത്തില ജീവിതപങ്കാളിക്കും പിൻതലമുറക്കാർക്കും ഈ നിയമാവകാശം ഇല്ല.) കല്ലറ വാങ്ങിയ കുടുംബനാഥന്റെ (വാങ്ങിയത് കുടുംബനാഥയാണെങ്കിൽ ടിയാൾ ഏതു കുടുംബത്തിന്റെ ഭാഗമായിട്ടാണോ കല്ലറ വാങ്ങിയത് ആ കുടുംബത്തിലെ) മാതാപിതാക്കൾക്കും ആൺമക്കൾക്കും

(ദത്തുമക്കളുൾപ്പെടെ) അവരുടെ ഭാര്യമാർക്കും അവിവാഹിതരായ പെൺമക്കൾക്കും (ദത്തുമക്കളുൾപ്പെടെ) അവിവാഹിതരായ സഹോദരർക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.

5. കുടുംബകല്ലറക്ക് അവകാശമുള്ളവർ മറ്റു ഇടവകകളിലേക്ക് മാറി പോയാലും ടി. അവകാശം അഭംഗുരം നിലനിൽക്കുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ അവർ ഇപ്പോൾ അംഗമായിരിക്കുന്ന ഇടവകയിലെ വികാരി മൃതസംസ്കാരം നടത്തുന്ന സ്ഥലത്തെ വികാരിക്ക് കത്തുനൽകേണ്ടതാണ്.

6. സ്ഥിരം, ദമ്പതി, കുടുംബകല്ലറകൾ ബുക്ക് ചെയ്തതിനു ശേഷം ഇടവക മാറിയതിനാലോ മറ്റു കാരണങ്ങളാലോ ബുക്ക് ചെയ്ത കല്ലറ വേണ്ടെന്ന് വച്ച് തിരിച്ചേൽപ്പിക്കാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ പ്രസ്തുത കല്ലറ ബുക്ക് ചെയ്ത സമയത്ത് അടച്ചിരുന്ന സംഖ്യമാത്രം കക്ഷിക്ക് തിരിച്ച് കൊടുക്കേണ്ടതാണ്.

E) വൈദികർക്കുള്ള കല്ലറകൾ

ഇടവകയിലെ സിമിത്തേരി കപ്പേളയോടനുബന്ധിച്ച് വൈദികർക്ക് (ദേശത്തു പട്ടക്കാർക്ക്) സൗജന്യമായി സ്ഥിരം കല്ലറ കൊടുക്കണം. ഇടവകയിൽ നിന്നുള്ള മറ്റു വൈദികർക്കും ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ഈ ആനുകൂല്യം നൽകാവുന്നതാണ്. സ്വന്തം ഇടവകയിൽ മാത്രമേ ഇത് അവകാശമായിരിക്കുകയുള്ളു. പ്രസ്തുത കല്ലറകൾക്ക് കാലപരിധിയില്ല. ഏതെങ്കിലും വൈദികന് തന്റെ കുടുംബത്തിന്റെ കല്ലറയിൽ സംസ്കരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്. അപ്രകാരം ചെയ്യുമ്പോൾ സാധാരണ കുടുംബകല്ലറകളോടനുബന്ധിച്ച് വാങ്ങുന്ന ഫീസ് വാങ്ങാവുന്നതാണ്.

F) കല്ലറകളുടെ അളവ് (ഉള്ളളവ്)

1. കുഴിമാടം/സാധാരണ കല്ലറ : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 3 അടി

2. സ്ഥിരം കല്ലറ (ഒരാൾക്ക്) : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 3 അടി

3. ദമ്പതി കല്ലറ : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 4 അടി

4. കുടുംബ കല്ലറ : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 6 അടി

5. നിലത്തു പണിയുന്ന സ്ഥിരം, ദമ്പതി & കുടുംബ കല്ലറകളുടെ ഉയരം : സ്ലാബിൽ നിന്ന് കുരിശ് അടക്കം ഒരു അടി മാത്രം. പ്രസ്തുത കല്ലറകളുടെ മുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉപരിതലത്തിന്റെ വീതി 2 അടിയും നീളം 5 അടിയും മാത്രമേ പാടുള്ളൂ. താഴെ കല്ലറകൾക്കിടയിലുള്ള ഭാഗം ടൈൽസ് വിരിച്ചോ മറ്റു വിധത്തിലോ ക്രമീകരിക്കുന്നുണ്ടെങ്കിൽ, അക്കാര്യത്തിൽ ഇടവക പൊതുവായ മാനദണ്ഡം നിശ്ചയിക്കണം. ഇപ്രകാരം ചെയ്യുന്നത് സെമിത്തേരിയിൽ എല്ലായിടത്തും ഒരേ നിരപ്പിൽ (ഒരിഞ്ച് ഉയരത്തിൽ) ആകണം.

G) മറ്റു നിബന്ധനകൾ

1. സിമിത്തേരിയിൽ വിവിധതരം കല്ലറകൾക്കു ഭാഗം തിരിച്ച്, നമ്പറിട്ട് ചാർട്ട് ഉണ്ടാക്കുകയും കല്ലറകൾ ബുക്ക് ചെയ്തു കഴിഞ്ഞാൽ ബന്ധപ്പെട്ടവരുടെ വിശദ വിവരങ്ങൾ കല്ലറ രജിസ്റ്ററിൽ ചേർത്ത്, ബന്ധപ്പെട്ട രജിസ്റ്റർ നമ്പർ ചാർട്ടിലും കല്ലറയിലും അടയാളപ്പെടുത്തുകയും വേണം, കല്ലറകൾ ക്രമമനുസരിച്ച് കൊടുക്കാൻ ശ്രദ്ധിക്കണം,

2. വിശുദ്ധ സ്ഥലമായ സിമിത്തേരി ഭദ്രമായും ഭംഗിയായും സൂക്ഷിക്കേണ്ടതാണ്.

3. സിമിത്തേരിയിൽ പാഴ്വസ്തുക്കൾ ഇടാനും എല്ലുകൾ നിക്ഷേപിക്കാനുമുള്ള കുഴികൾ വെവ്വേറെ ക്രമീകരിക്കണം. അസ്ഥിക്കുഴി ഭദ്രമായി അടച്ചുപൂട്ടി സൂക്ഷിക്കേണ്ടതാണ്.

4. ഈ നിയമാവലി 2010 ജൂൺ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. അന്നുമുതൽ മേൽപ്പറഞ്ഞ നിയമങ്ങൾക്ക് വിരുദ്ധമായി അതിരൂപതയിലെ വിവിധ ഇടവകകളിലെ കീഴ്വഴക്കങ്ങൾക്കും ആചാരങ്ങൾക്കും യോഗനിശ്ചയങ്ങൾക്കും സാധുത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ പുതിയ നിയമം നിലവിൽ വന്ന 2010 ജൂൺ 1ന് മുമ്പ് വാങ്ങി ഉപയോഗിച്ചിട്ടുള്ള കല്ലറകളുടെ വലുപ്പം, കാലാവധി എന്നിവയ്ക്ക് മാത്രം അവ വാങ്ങിയ കാലത്ത് നിലവിലുണ്ടായിരുന്ന രൂപത/അതിരൂപത നിയമാവലിയിൽ പറഞ്ഞിട്ടുള്ള വലുപ്പവും കാലാവധിയുമായിരിക്കും ബാധകമായിരിക്കുക. അവ നവീകരിക്കുമ്പോൾ പൊതുനിയമത്തിനു വിധേയമായി ഇടവകയോഗത്തിന്റെ തീരുമാനം മാനിക്കേണ്ടതാണ്.

5. ഈ നിയമാവലിയിൽ നൽകിയിട്ടുള്ള നിയമങ്ങളെ സംബന്ധിച്ച് വ്യാഖ്യാനം നൽകുന്നതിനും ഭേദഗതികൾ വരുത്തുന്ന

## 7-ാം ചരമവാർഷികം

25.02.2023



**അക്കരപട്ട്യേക്കൽ കൊച്ചാപ്പു മകൻ**

# അന്തപ്പൻ

ദൈവസന്നിധിയിൽ നിന്ന് : 06. 03. 1931

ദൈവസന്നിധിയിലേക്ക് : 25. 02. 2016

സ്നേഹസ്മരണകളോടെ...

**കുടുംബാംഗങ്ങൾ**

സെന്റ് മേരീസ് കുടുംബകൂട്ടായ്മ

# BAPTISED ON
## 26-12-2022

**CHRIS C DALWIN**

**CHRISA MARIA DALWIN** **CHRISTA MARIA DALWIN**

Babies of Majes & Dalwin



Prayers from Joju Mekkattukulam & Family
Holy Trinity Unit

# Wedding

20th November 2022





## Glen

S/o. Johnson &
Thankamani
Pulikkottil House
M.R. Vasu Road
Ayyanthole P.O.
Thrissur

## Niya

D/o. Joshy & Shiny
Kannampuzha House
Muringoor
Chalakkudy

Best Wishes :
Izbel Pearl & Izaaq John

## Wedded on
### 30th October 2022



## Bijin

S/o. Mrs. Baby Johny
& Mr. Johny K.D
Kariatty House
Ayyanthole P.O.
Thrissur

## Aparna

D/o. Mrs. Ligiya Wilson
& Mr. Wilson K.M.
Kuttikkattil House
Chembukavu P.O.
Thrissur

## Wedded on
### 1st January 2023



## Bifin

S/o. Mrs. Baby Johny
& Mr. Johny K.D
Kariatty House
Ayyanthole P.O.
Thrissur

## Gypsy

D/o. Mrs. Lissamma Chacko
& Mr. Chacko Philip
Cheripuram House
Kanjiramattom P.O.
Pala, Kottayam

Sharing the Happiness :
**Bijomi, Jijo, Agodin & Alaina**

# I-ാം ചരമവാർഷികം

01. 02. 2023



## കരിയാട്ടി ദേവസ്സി ഭാര്യ

## അച്ചാമ്മ

ജനനം : 01. 01. 1930    മരണം : 01. 02. 2022

സ്നേഹപൂർവ്വം കുടുംബാംഗങ്ങൾ

മഡോണ കുടുംബകൂട്ടായ്മ

# 1-ാം ചരമവാർഷികം

05-02-2023



## കൂത്തൂർ വെള്ളാട്ടുകര തോമ മകൻ

# വർഗ്ഗീസ്

ജനനം: 02-10-1942 I മരണം: 05-02-2022

പ്രാർത്ഥനാപൂർവ്വം :

**ഭാര്യ ജെസ്സി വർഗ്ഗീസ്, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**

സെന്റ് ജോസഫ് കുടുംബകൂട്ടായ്മ

# 41st Day of Demise

## 16.02.2023



**Born :**
**29.09.1946**

**Died :**
**07.01.2023**

# MARY JOSE

## കൃതജ്ഞത

എന്റെ സ്നേഹനിധിയായ ഭാര്യ **കുന്നൻ ജോസ് മേരി**യുടെ (76 വയസ്സ്) നിര്യാണ വാർത്തയറിഞ്ഞ് ഞങ്ങളുടെ വസതിയിൽ നേരിട്ട് വന്നും അനുശോചനങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും തുടർന്ന് നടത്തിയ സംസ്കാരകർമ്മങ്ങളിലും പങ്കുകൊണ്ട് പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിച്ച വൈദീകർ, സന്യസ്തർ, കുടുംബകൂട്ടായ്മ, സംഘടനാഭാരവാഹികൾ ബന്ധുമിത്രാദികൾ, ഇടവകാംഗങ്ങൾ,ജനപ്രതിനിധികൾ, സമൂഹത്തിലെ മറ്റു എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങൾക്കുള്ള കൃതജ്ഞത അറിയിക്കുന്നു.

ദുഃഖസ്മരണകളോടെ.. **കുന്നൻ ജോസ്**

മക്കൾ : ജേജോ, വിൽസൺ

മരുമക്കൾ : ഫ്രിജി, സുമി

പേരക്കുട്ടികൾ : ജോസഫ് ഗബ്രിയേൽ, അബ്രാഹം വിൽസൺ, ഫ്രാങ്കോ ആന്റണി ഇമ്മാനുവേൽ

# Baptised on

10-01-2023



# Ethan Hain

S/o. Mr. Pavin Paul
& Mrs. Hain Jacob
Vattathra Kooran House
P.O. Thiruvamkulam,
Ernakulam Dist.



**Best Compliments From:**
**Jacob Tholath & Family**
**Little Flower Kudumba Kootaima**

തിനും ആവശ്യമെങ്കിൽ തത്സംബന്ധമായ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും ഇതിലെ നിയമങ്ങളെ സംബന്ധിച്ചോ അതിരൂപതയിലെ സെമിത്തേരിയുടെ ഉപയോഗം സംബന്ധിച്ചോ ഉണ്ടാകുന്ന എല്ലാ തർക്കവിഷയങ്ങളിലും അന്തിമതീരുമാനമെടുക്കുന്നതിനും തൃശൂർ സീറോമലബാർ കത്തോലിക്കാ അതിരൂപതയുടെ അധ്യക്ഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## അറിയിപ്പ്
## കല്ലറ എടുത്തവരുടെ ശ്രദ്ധയ്ക്ക്

പ്രിയ ഇടവകാംഗങ്ങളെ,

അയ്യന്തോൾ പള്ളി സെമിത്തേരിയിൽ കല്ലറകൾ എടുത്തവരുടെ രജിസ്റ്ററുകൾ നവീകരിക്കുന്നതിന്റെയും, കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന്റെയും ഭാഗമായി ഇതുവരെ കല്ലറകൾ ഏറ്റെടുത്തിരിക്കുന്നവരോ, അവരുടെ കുടുംബാംഗങ്ങളോ പ്രസ്തുത കല്ലറ ഏറ്റെടുത്തത് സംബന്ധിച്ച രശീതികളോ, കരാറുകളോ, മറ്റ് ബന്ധപ്പെട്ട രേഖകളോ, പകർപ്പുകൾ സഹിതം പള്ളി ഓഫീസിൽ ഒപ്പിട്ട അപേക്ഷ സഹിതം സമർപ്പിക്കേണ്ടതാണ്. കല്ലറ ഏറ്റെടുത്തത് സംബന്ധിച്ച രശീതികളോ, കരാറുകളോ, മറ്റ് ബന്ധപ്പെട്ട രേഖകളോ ഇല്ലാത്തപക്ഷവും അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം നൽകുന്ന അപേക്ഷയിൽ കല്ലറ എടുത്ത വർഷം, കല്ലറ എടുത്ത വ്യക്തിയുടെ പേര്, കല്ലറ എടുത്തശേഷം അടക്കം ചെയ്ത വ്യക്തി/ വ്യക്തികളുടെ പേരുകളും, കല്ലറ എടുത്ത വ്യക്തിയുമായുള്ള ബന്ധം, അടക്കം ചെയ്ത തിയ്യതി/വർഷം, അടക്കം ചെയ്തപ്പോൾ ലഭിച്ച രേഖ/ രശീതി, പകർപ്പ് എന്നിവയും വ്യക്തമാക്കേണ്ടതും നൽകേണ്ടതുമാകുന്നു. കല്ലറ ഒന്ന്ക്ക് ഒരു അപേക്ഷകൻ മാത്രം അപേക്ഷ സമർപ്പിച്ചാൽ മതിയാകുന്നതാണ്. കല്ലറകൾ എടുത്തിരിക്കുന്ന നിലവിൽ ഇടവകാംഗങ്ങൾ അല്ലാത്തവർക്കും ഈ അറിവ് ലഭിക്കുന്ന മുറക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

എന്ന്

**വികാരി.**

# വിശ്വാസവഴിയിലെ സംശയങ്ങൾ

***ആദത്തിന്റെയും ഹവ്വയുടേയും മക്കൾ തമ്മിൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടു. ഇതു സഭയുടെ പഠനങ്ങൾക്ക് വിരുദ്ധമല്ലേ?***

ഉത്പത്തി 4-5 അദ്ധ്യായങ്ങളിൽ ഭൂമിയിൽ മനുഷ്യർ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന്റെയും, അവരുടെ സംഖ്യവർദ്ധിക്കുന്നതിന്റെയും വംശാവലിയുടെയും വിവരണങ്ങൾ കാണുവാൻ സാധിക്കും. വംശാവലിയെന്നതിനെക്കാൾ മനുഷ്യസംസ്കാരത്തിന്റെ ഉത്ഭവകഥയെന്ന നിലയിലാണ് ഇതിനെ മനസ്സിലാക്കേണ്ടത്. കായേന് എവിടെനിന്ന് ഭാര്യയെകിട്ടി എന്ന ചോദ്യം ഉത്പത്തിപുസ്തകം ഉന്നയിക്കുന്നില്ല. സംഭവങ്ങൾ ശാസ്ത്രീയ-ചരിത്രസത്യങ്ങളുടെ വെളിച്ചത്തിൽ വസ്തുനിഷ്ഠമായി അവതരിപ്പിക്കുകയല്ല, മറിച്ച് മനുഷ്യസ്വഭാവത്തെയും സംസ്കാരങ്ങളെയും വിശദീകരിക്കാൻ ഉതകുന്നതും എന്നാൽ യാഥാർത്ഥ്യത്തിൽ അടിസ്ഥാനവുമുള്ള പ്രതീകങ്ങളിലൂടെ ആദിചരിത്രം പറയുകയാണിവിടെ എന്ന് നാം നേരത്തെ കാണുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ആദിമാതാപിതാക്കളുടെ വിവാഹത്തെ താഴെപറയുംവിധം മനസ്സിലാക്കാം.

ഒന്നാമതായി 'ആദം' എന്ന പദം ഒരു വ്യക്തിയുടെ പേരായിട്ടോ അല്ലെങ്കിൽ മനുഷ്യവംശം (Humankind) ആയോ പരിഗണിക്കാവുന്നതാണ്. രണ്ടാമത്തെ അർത്ഥത്തിൽ ദൈവം ആദിമനുഷ്യരെ സൃഷ്ടിച്ചത് ഒരു സമൂഹമായിട്ടാണ് അതിൽ പുരുഷന്മാരും സ്ത്രീകളും ഉണ്ടായിരുന്നു, അവരുടെ മക്കൾ വിവാഹബന്ധത്തിൽ ഏർപ്പെട്ടു. ആദിമാതാപിതാക്കൾ ഒരു ജോഡിയോ പല ജോഡികളോ ആയിരുന്നിരിക്കട്ടെ, ഏതായാലും അവരിലേക്ക് ദൈവം ജീവാത്മാവിനെ സന്നിവേശിപ്പിച്ചു എന്നതാണ് കാതലായ സന്ദേശം എന്ന് പറയുകയുണ്ടായല്ലോ.

രണ്ടാമതായി പുതിയനിയമ/സഭാധാർമിക നിയമങ്ങളുടെ വെളിച്ചത്തിൽ ഇതിനെ വിലയിരുത്തുവാൻ സാധിക്കില്ല, ആദികാലങ്ങളിൽ വിവാഹപാരമ്പര്യങ്ങൾ ഏറെ വ്യത്യസ്തമായിരുന്നു, ഇന്നും ചില ആളുകൾക്കിടയിൽ അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹം നടക്കുന്ന പതിവുണ്ടല്ലോ. ഉത്പത്തി 5:4 അനുസരിച്ച് ആദത്തിന് വേറെയും പുത്രന്മാരും പുത്രിമാരും ജനിച്ചു. അതിനാൽ അടുത്തബന്ധുക്കൾ തമ്മിലുള്ള വിവാഹബന്ധവുമായിരിക്കാം ഇവിടുത്തെ ഒരു പരാമർശ വിഷയം. അതുകൊണ്ട് സഭയുടെ ഇപ്പോഴത്തെ നിയമങ്ങൾക്കനുസരിച്ച് നാമതിനെ വിലയിരുത്തേണ്ട ആവശ്യമില്ല.

# ‘വിശുദ്ധ അഗാത്തയുടെ ജീവചരിത്രം.’

**ഡെയ്സി അന്തപ്പൻ, സെന്റ് മേരീസ് യൂണിറ്റ്**

തിരുസഭാ ചരിത്രത്തിന്റെ ആദ്യകാലഘട്ടത്തിൽ തന്നെ എല്ലാവരാലും അംഗീകരിക്കപ്പെടുകയും ഭക്തിപൂർവ്വം വണങ്ങപ്പെടുകയും ചെയ്ത വിശുദ്ധയാണ് രക്തസാക്ഷിണിയായി തീർന്ന വി. അഗാത്ത. ദേച്ചിയൂസ് ചക്രവർത്തിയുടെ ഭരണകാലത്ത് ഏകദേശം എ.ഡി. 250-253 ലാണ് വി. അഗാത്ത രക്തസാക്ഷിമകുടം ചൂടിയിരിക്കുന്നത്. വിശുദ്ധയുടെ ആധികാരികമായ ജീവചരിത്രം സംലഭ്യമല്ലെങ്കിലും സഭാപാരമ്പര്യത്തിൽ നിസ്തർക്കമായ സ്ഥാനമാണ് വി. അഗാത്തയ്ക്കുള്ളത്. ഇറ്റലിയിലുള്ള കത്താനിയായിലൊ, പലെർമയിലൊ ആയിരുന്നിരിക്കണം വിശുദ്ധയുടെ ജനനം. കുലീനമായ കുടുംബത്തിലെ സുന്ദരിയായ സ്ത്രീരത്നമായിരുന്നു വി. അഗാത്ത. ദേച്ചിയൂസ് ചക്രവർത്തിയുടെ സെനറ്ററായിരുന്ന ക്വിൻ ഷിയാനുസിന് അഗാത്തയോട് അന്ധമായ സ്നേഹമായിരുന്നു. ക്വിൻ ഷിയാനുസിന്റെ ദുഷ്പ്രേരണകൾക്ക് വശംവദയാകാതിരുന്നപ്പോൾ അഗാത്തയെ പീഡിപ്പിക്കാൻ തുടങ്ങി. കന്യകയായിരുന്ന അഗാത്ത ക്രൈസ്തവവിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് പീഢനങ്ങളെല്ലാം ചെറുത്തുനിന്നു. ക്രൂരമായ ശിക്ഷാനടപടികൾ ക്വിൻഷിയനൂസ് തുടർന്നുകൊണ്ടേയിരുന്നു. കോപാക്രാന്തനായ ക്വിൻഷിയാനൂസ് അഗാത്തയുടെ മാറിടം ഛേദിക്കാൻ കല്പന പുറപ്പെടുവിച്ചു. ഏറെ മർദ്ദനവും ജയിൽ വാസവും, പീഢനങ്ങളും സഹിക്കേണ്ടിവന്നെങ്കിലും വിശുദ്ധി അഭംഗുരം കാത്തുസൂക്ഷിക്കാൻ വിശുദ്ധയ്ക്ക് സാധിച്ചു. ക്രൈസ്തവ വിശ്വാസത്തിന്റെ ഉദാത്ത മാതൃകയായി വി. അഗാത്ത നിലകൊണ്ടു. വി. പത്രോസ് വിശുദ്ധയ്ക്ക് പ്രത്യക്ഷപ്പെട്ട് ശക്തിയും ധൈര്യവും സൗഖ്യവും നൽകിയെന്നാണ് വിശുദ്ധ പാരമ്പര്യം സാക്ഷ്യം നൽകുന്നത്.

പീഢനമുറകളിൽ യാതൊരു ദാക്ഷിണ്യവുമില്ലാതിരുന്ന ആ കാലഘട്ടത്തിൽ ചുട്ടുപൊള്ളുന്ന കൽക്കരിക്കട്ടയിൽ വിശുദ്ധയെ ഉരുട്ടി. പ്രകൃതിപോലും ഈ ദാരുണദൃശ്യങ്ങൾകണ്ട് വിറങ്ങലിച്ചു. ശക്തമായ ഭൂമികുലുക്കമുണ്ടായതിനെ തുടർന്ന് പീഡനമുറകൾക്ക് നേതൃത്വം നൽകിയ മജിസ്ട്രേറ്റ് ഓടി രക്ഷപ്പെട്ടു. വീരോചിതമായി സഹനങ്ങളെല്ലാം ദൈവതൃക്കരങ്ങളിൽ സമർപ്പിച്ച വി. അഗാത്ത രക്തസാക്ഷിയായി മരിച്ചു.

വിശുദ്ധിയുടെ വെള്ളരിപ്രാവായിരുന്ന വി. അഗാത്ത കാൻസർ രോഗികളുടെയും, ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കാൻ ആഗ്രഹിക്കുന്നവരുടെയും മദ്ധ്യസ്ഥയാണ്. സ്വർണ്ണവ്യാപാരികളും, നഴ്സുമാരും, ഏകസ്ഥരും, മദ്ധ്യസ്ഥം അപേക്ഷിക്കേണ്ടത് വി. അഗാത്തയോടാണ്. ഭൂമി കുലുക്കത്തിൽനിന്നും പ്രകൃതിക്ഷോഭങ്ങളിൽനിന്നും, തീപ്പിടുത്തത്തിൽനിന്നും വിശുദ്ധയുടെ മാദ്ധ്യസ്ഥം നമ്മെ കാത്തുപരിപാലിക്കുന്നു. ഇന്നും തിരുസഭയിൽ വിശുദ്ധിയുടെ വെള്ളിനക്ഷത്രമായി വി. അഗാത്ത തിളങ്ങിനിൽക്കുന്നു.

# നിയമാവബോധം

## കുടുംബവും കുടുംബകോടതിയും - നിയമം

*(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)*

**അഡ്വ. ജോമോൻ കുന്നത്ത്**
**സെന്റ് സേവിയേഴ്സ് യൂണിറ്റ്**

വിവാഹ ബന്ധങ്ങൾ തകരുന്നതിന് ഇന്ന് വളരെ കൂടുതലായി കാണുന്ന ഒരു കാരണമാണ് വിവാഹേതര ബന്ധങ്ങൾ. വിവാഹ ബന്ധത്തിന്റെ പവിത്രത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് ഇന്ന് നാം കടന്നു പോകുന്നത്. അണു കുടുംബങ്ങളുമായി മുന്നോട്ടു പോകുന്ന നമുക്ക്, പുതു തലമുറയ്ക്ക് ധാർമിക മൂല്യങ്ങൾ പകർന്നു നൽകുന്നതിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായിരിക്കാം ഇതിനൊരു പ്രധാന കാരണം. ഫേസ്ബുക്കും വാട്ട്സാപ്പും പോലെയുള്ള സാമൂഹ മാധ്യമങ്ങളുടെയും ഇന്റർനെറ്റിന്റെയും തെറ്റായ രിതി യിലുള്ള ഉപയോഗവും അതിപ്രസരവും ഇത്തരത്തിലുള്ള മൂല്യച്യുതികൾക്ക് മറ്റൊരു കാരണമാണ്. മാതാപിതാക്കൾ രണ്ടുപേരും ജോലിക്ക് പോകുന്ന ഇന്നത്തെ കാലഘട്ടത്തിൽ മക്കൾ സഞ്ചരിക്കുന്ന വഴികൾ തിരിച്ചറിയാൻ നമുക്ക് പലപ്പോഴും സാധിക്കുന്നില്ല. പലപ്പോഴും മാതാപിതാക്കൾക്ക് കമ്പ്യൂട്ട റിന്റെയും ഇൻറർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ഉപയോഗത്തെ ക്കുറിച്ച് മക്കളുടെ അത്രയ്ക്കും ജ്ഞാനം ഇല്ലാത്തത് മക്കൾ സഞ്ചരിക്കുന്ന തെറ്റായ വഴികൾ മനസ്സിലാക്കുന്നതിന് മാതാപിതാക്കൾക്ക് തടസ്സമാകാറുണ്ട്. മക്കളോടൊപ്പം ചിലവഴിക്കുവാൻ സമയമില്ലാതെ അവർക്ക് വേണ്ടി കഷ്ടപ്പെട്ട് പണം സമ്പാദിക്കുന്ന മാതാപിതാക്കൾ ഓർക്കുക; നിങ്ങൾ സമ്പാദിക്കുന്ന പണമല്ല, അതിനേക്കാൾ ഉപരിയായി അവർക്ക് ആവശ്യം നിങ്ങളുടെ സാമീപ്യവും സ്നേഹവും കരുതലും ആണ്. അവ ലഭിക്കാതെ നമ്മുടെ മക്കൾ നേരായ വഴി യിൽ നിന്നും വ്യതിചലിച്ച് പോകുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം തീർ ച്ചയായും മാതാപിതാക്കൾക്ക് തന്നെയാണ്. വിവാഹേതര ബന്ധങ്ങളിലേക്ക് നമ്മുടെ പുതുതലമുറയെ നയിക്കുന്ന മറ്റൊരു കാരണം അവർ സ്വപ്നം കാണുന്ന അഥവാ പ്രതീക്ഷിക്കുന്ന സ്നേഹവും കരുതലും പങ്കാളിയിൽ നിന്നും

ലഭിക്കുന്നില്ല എന്നതാണ്. ജീവിതം കരുപ്പിടിപ്പിക്കുന്നതിനായുള്ള ഓട്ടപ്പാച്ചിലിനിടയിൽ പലപ്പോഴും പങ്കാളിക്ക് ഒരല്പം സ്നേഹം പകർന്നു നൽകുവാനും അവർക്ക് ആവശ്യമായ കരുതലും സാമീപ്യവും നൽകുവാനും പലരും മറക്കുന്നു എന്നത് അവരുടെ പങ്കാളിയിൽ ഉണ്ടാക്കുന്ന മാനസിക വിഷമവും മനോസംഘർഷവും ചെറുതല്ല. അത്തരം വിഷമങ്ങളിൽ നിന്നും സംഘർഷങ്ങളിൽ നിന്നും വിടുതൽ ലഭിക്കുന്നതിനും, അതിന് ആശ്വാസം ലഭിക്കുന്നതിനും ആയി പലപ്പോഴും പലരും പഴയ സൗഹൃദങ്ങൾ പൊടിതട്ടിയെടുക്കുകയോ പുതിയ സൗഹൃദങ്ങൾ കണ്ടെത്തുകയോ ചെയ്യുന്നു. അതിനായി ചിലർ സമൂഹമാധ്യമങ്ങളെയും ആശ്രയിക്കുന്നു. അത്തരം കാര്യങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ചതിക്കുഴികളെക്കുറിച്ച് ചിന്തിക്കുവാൻ അവരുടെ മാനസിക സംഘർഷാവസ്ഥ അവരെ അനുവദിക്കുന്നില്ല. അത്തരം സൗഹൃദങ്ങളാണ് പലപ്പോഴും പിന്നീട് വിവാഹേതര ബന്ധങ്ങളിലേക്കും ആശ്വാസമല്ലാത്ത തരത്തിലുള്ള വിവാഹേതര ലൈംഗിക ബന്ധങ്ങൾ അടക്കമുള്ള ബന്ധങ്ങളിലേക്കും വഴിതെളിക്കുന്നത്. വിദേശത്ത് ജോലിചെയ്യുന്ന ആളുകളുടെ പങ്കാളികളിൽ അപൂർവ്വം ചിലരെങ്കിലും വിരഹമകറ്റുന്നതിനായി പുതു സൗഹൃദങ്ങൾ തേടി പോകുന്നതും ചില സാഹചര്യങ്ങളിൽ എങ്കിലും വിവാഹേതര ബന്ധങ്ങളിൽ കലാശിക്കാറുണ്ട് (വളരെ നല്ല നിലയിൽ കുടുംബ ബന്ധം മുന്നോട്ടു കൊണ്ടു പോകുകയും, പങ്കാളിയുടെ അസാന്നിധ്യത്തിൽ കുടുബ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുവാൻ പെടാപാട് പെടുകയും ചെയ്യുന്ന ഭൂരിപക്ഷത്തെ കുറിച്ചല്ല ഇത് പറയുന്നത് എന്ന് പ്രത്യേകം പറഞ്ഞു കൊള്ളട്ടെ.) ഇത്തരം കാര്യങ്ങളിൽ വ്യക്തമായ അവബോധവും ജാഗ്രതയും ഉണ്ടെങ്കിൽ ഒരു പരിധിവരെ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുവാൻ നമുക്ക് സാധിക്കുന്നതാണ്.

**എല്ലാ മാസവും 20 – ാം തിയ്യതിക്കു മുമ്പായി**
**മരിയനാദം ബുള്ളറ്റിനിലേയ്ക്ക് മതബോധനം, കേന്ദ്രസമിതി വാർത്തകൾ,**
**യൂണിറ്റ് വാർത്തകൾ പ്രതിനിധി വാർത്തകൾ, ലേഖനങ്ങൾ, കഥകൾ, കവതികൾ,**
**മറ്റു വാർത്തകൾ നൽകേണ്ടതാണ്**

# ENGLISH INSTITUTE

Kuruppam Road, Thrissur, Mob:8330081334, 9388824334

ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 4-ാമത്തെ SpokenEnglish Batch മാർച്ച് 1 ബുധനാഴ്ച ആരംഭിക്കുന്നു.

സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കുള്ള 2 മാസത്തെ അവധിക്കാല സ്പെഷ്യൽ ബാച്ച് ഏപ്രിൽ 1ന് ആരംഭിക്കുന്നു.

സീറ്റ് ബുക്കിങ്ങ് ആരംഭിച്ചു. 25 Seats / Class.

## COURSE DETAILS

| BATCH | CLASS | TIME | DURATION |
|---|---|---|---|
| IV | A | 1.30 PM - 3.00 PM | 3 MONTHS |
| IV | B | 3.30 PM - 5.00 PM | 3 MONTHS |
| IV | C | 5.30 PM - 7.00 PM | 3 MONTHS |
| IV | D | 7.15 PM - 8.45 PM | 3 MONTHS |

## ക്ലാസിന്റെ പ്രത്യേകതകൾ

1. ഇംഗ്ലീഷ് സംസാരിക്കുമെന്ന് 100% ഉറപ്പ്.
2. സംസാരിക്കേണ്ട വാചകങ്ങൾ മനഃപാഠമാക്കേണ്ട.
3. പഠിച്ച കാര്യങ്ങൾ മറന്നുപോകുന്നില്ല.
4. എല്ലാ പ്രായക്കാർക്കും പ്രവേശനമുണ്ട്.

## ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചവർ പറയുന്നു



**RAJESH P.S.**
Cherussery, Ollur
Business man

ജീവിത ബുദ്ധിമുട്ടുകൾമൂലം പാതിവഴിയിൽ പഠനം നിറുത്തേണ്ടിവന്ന എനിക്ക് ബിസ്സിനസിലൂടെ ജീവിതനിലവാരം ഉയർന്നപ്പോൾ ഇംഗ്ലീഷ് ഭാഷാജ്ഞാനം അത്യാവശ്യമായി വന്നു. ഈ സമയത്താണ് ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ച് അറിഞ്ഞത്. കഴിഞ്ഞ 3 മാസമായി ഞാനും എന്റെ ഭാര്യ ആശയും ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികളാണ്. ഞങ്ങൾ ഒരുമിച്ച് പറയുന്നു ഇവിടുത്തെ ഇംഗ്ലീഷ് ക്ലാസ് സൂപ്പറാണ്. ഇതിലും നല്ല ക്ലാസ് സ്വപ്നങ്ങളിൽ മാത്രം.



**LAKSHMI A.R.**
Kizhakkumpattukara
Diploma Holder

ഇംഗ്ലീഷ് സംസാരിക്കുക എന്നത് എന്റെ ഏറ്റവും വലിയ സ്വപ്നമായിരുന്നു. ഞാൻ ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥിനിയാണ്. Can ഇംഗ്ലീഷ് ഭാഷയിലെ മഹാമാന്ത്രികനാണെന്നും Tense ഇംഗ്ലീഷ് ഭാഷയിലെ മഹാപൂന്തോട്ടമാണെന്നും വർഗ്ഗീസ് മാഷ് പറഞ്ഞത് എത്രയോ ശരിയാണ്. കോടിക്കണക്കിന് ഇംഗ്ലീഷ് വാചകങ്ങൾ സംസാരിക്കാനും എഴുതാനും കുട്ടികൾക്ക് ലഭിക്കുന്ന അസാധാരണ കഴിവാണ് ഇവിടുത്തെ ഏറ്റവും വലിയ മാജിക്. ഇവിടുത്തെ ക്ലാസ്സ് വേറൊരു ലെവലാണ്.



**SUJATHA V.K.**
Avinissery
Retd. Govt. Nurse

ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചവർക്ക് ജീവിതത്തിൽ രണ്ടാമതൊരു സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് അറ്റന്റ് ചെയ്യേണ്ടി വരില്ല. കാരണം, അത്രയും വിശദമായും ലളിതമായും നമ്മിലേക്ക് ഇറങ്ങിവരുന്നതാണ് വർഗ്ഗീസ് മാഷ് ക്ലാസ് നയിക്കുന്നത്. ഇംഗ്ലീഷ് സംസാരിക്കുവാൻ ആവശ്യമായ എല്ലാ സംഗതികളും നമുക്ക് ഇവിടെനിന്ന് ലഭിക്കും. ഇംഗ്ലീഷ് ഭാഷയുടെ മനോഹരമായ പൂന്തോട്ടത്തിൽ പ്രവേശിച്ച് പൂക്കളും തേനും ശേഖരിച്ച് വീട്ടിലോ, വിദേശത്തോ പോയി നമുക്ക് ഇംഗ്ലീഷ് സംസാരിക്കാം.



**JOSE M.V.**
Paravattani
Ex-Service man

എനിക്ക് 70 വയസ്സുണ്ട്. ഞാൻ പല ഭാഷകളും സംസാരിക്കുമെങ്കിലും ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ അറിയില്ലായിരുന്നു. ഇംഗ്ലീഷ് സംസാരിക്കാനുള്ള വലിയ ആഗ്രഹമാണ് എന്നെ ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചത്. ഈ വയസ്സിലും എനിക്കുംകൂടി മനസ്സിലാവുന്ന വിധത്തിലാണ് ഇവിടുത്തെ ക്ലാസ്സ്. ഇവിടെ പ്രായം ഒരു പ്രശ്നമേയല്ല. ഇംഗ്ലീഷ് സംസാരിക്കുവാനുള്ള ആഗ്രഹം ഉണ്ടായാൽ മാത്രം മതി. ഒരു ദിവസം പോലും ലീവെടുക്കാൻ നമുക്ക് തോന്നില്ല. മാത്രമല്ല പ്രായവ്യത്യാസമില്ലാതെ എല്ലാവരും ഇംഗ്ലീഷ് സംസാരിക്കും.

***04 – 12 – 2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്റിന്റെയും കേന്ദ്ര കുടുംബകൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 18 മുതൽ 30 വയസ്സു വരെയുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കവിത***

കവിത

# അർപ്പണം

- സ്റ്റിന ടിനു
സെ. ജോസഫ് യൂണിറ്റ്

അർപ്പണം ചെയ്യുന്നു നാഥാ
എൻ ദേഹവും ദേഹിയും ആത്മാവുമേ
സമർപ്പണം ചെയ്യുന്നു നാഥാ
എൻ മനസ്സും ഹൃദയവും ജീവിതവുമേ
വിശുദ്ധി എന്തെന്നറിയണമെങ്കിലാദ്യം
അശുദ്ധി എന്തെന്നറിഞ്ഞിടേണം...
അശുദ്ധി ഇല്ലാതെ ആയിടീൽ
വിശുദ്ധി താനെ വന്നുകൊള്ളും
പുരോഹിതരും സന്യസ്തരും
ആൽമായ പ്രേഷിതരുമെല്ലാം
സ്വജീവിതത്തെ ദൈവത്തിനു സമർപ്പിച്ചതുപോൽ
നമുക്കും നമ്മുടെ ജീവിതങ്ങളെ
ഓരോ ജീവിതബലിയായ് അർപ്പിച്ചീടാം
അർപ്പിച്ചീടാം സമർപ്പിച്ചീടാം ആത്മാർപ്പണം ചെയ്തീടാം.

*04 – 12 – 2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്റിന്റെയും കേന്ദ്ര കുടുംബകൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 18 മുതൽ 30 വയസ്സു വരെയുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥ*

# എന്റെ സ്വപ്നം

വിനിഷ ജിജോ
സെ. പീറ്റർ യൂണിറ്റ്

കൂടുകളിലേക്ക് ചേക്കറുന്ന പക്ഷികളെ നോക്കി വാനവിതാനങ്ങളിൽ നോക്കി തന്റെ വീൽചെയറിൽ മരിയ ഇരുന്നു. അമ്മയുടെ കുറവ് അറിയിക്കാതെ തന്നെ വളർത്തിയത് തന്റെ അപ്പച്ചനാണ്. മരിയയുടെ ഏറ്റവും വലിയ സ്വപ്നമായിരുന്നു ഒരു പൈലറ്റ് ആയി ആകാശത്തിലൂടെ പറക്കണം എന്നത്. മരിയ അതിന് പ്രാപ്തയായിരുന്നു. എന്നാൽ ഒരു യാത്രക്കിടെ ഉണ്ടായ അപകടത്തിൽ അവളുടെ കാൽ തളർന്നു. സായാഹ്നത്തിൽ അവൾ തന്റെ അപ്പച്ചനുമൊത്ത് പുറത്തേക്കിറങ്ങും.

പള്ളിയുടെ അടുത്താണ് മരിയയുടെ വീട്. അവൾ എന്നും ദേവാലയത്തിൽ വി. കുർബാനക്ക് പോകുമായിരുന്നു. അവിടെ വച്ച് അവൾക്ക് ഒരു കൂട്ടുകാരിയെ കിട്ടി മീനു. സാമ്പത്തികമായ് പിന്നിലായിരുന്ന മീനുവിനെ പ കാര്യങ്ങളിലും പഠനത്തിലും മറ്റു കാര്യങ്ങളിലും സഹായിച്ചിരുന്നത് മരിയയായിരുന്നു. എൻട്രൻസിൽ ഒന്നാംസ്ഥാനം നേടിയ മീനുവിന് അവിചാരിതമായ് പിടിപെട്ട പനിയിൽ അവളുടെ കിഡ്നി തകരാറിലായി. മീനുവിന്റെ വീട്ടിൽ എങ്ങും മൂകതനിറഞ്ഞു. അവളുടെ കിഡ്നി മാറ്റിവെക്കാൻ ശസ്ത്രക്രിയ നിർദ്ദേശിച്ചു. എന്നാൽ മീനുവിന്റെ ബ്ലഡ് ഗ്രൂപ്പിന് മാച്ച് ചെയ്ത ബന്ധുക്കളെ കിട്ടിയില്ല. മരിയയുടെ മനസ്സിൽ തന്റെ സ്വപ്നം നടക്കാതെ വന്നപ്പോഴുണ്ടായ വിഷമം അവൾ മീനുവിൽ കണ്ടു.

മരിയ തന്റെ വീൽചെയറിൽ ദേവാലയത്തിലേക്ക് പോയി. ക്രൂശിത രൂപത്തിന് മുന്നിൽ ഇരുന്നുകൊണ്ട് കരഞ്ഞു. എല്ലാം ഉണ്ടായിട്ടും തന്റെ ജനത്തിന് വേണ്ടി ജീവൻ സമർപ്പിച്ച ക്രിസ്തുവിനെ മുന്നിൽ കണ്ടുകൊണ്ട് മരിയ തന്റെ അപ്പച്ചന്റെ സമ്മതപ്രകാരം ടെസ്റ്റുകളെല്ലാം പൂർത്തിയാക്കി മീനുവിന് കിഡ്നി

**JORLINE JOSHY**
*Proprietor*

9544962005
Ph: 9446464279

നിങ്ങൾക്കിഷ്ടപ്പെട്ട
തുണിത്തരങ്ങൾ
മിതമായ വിലയ്ക്ക്
നേടാൻ സമീപിക്കൂ...

*fortune fashion*
FOR MEN, WOMEN & KIDS

*Gents*
*Ladies*
*&*
*Kids*

**I. K. ARCADE, AYYANTHOLE GROUND, THRISSUR**

## Sangeerthanam Tower

Events Hall






PEARL, GROUND FLOOR NON A/C HALL



RUBY, 1st FLOOR A/C HALL



COREL, 2nd FLOOR NON A/C HALL

വിവാഹം, വിവാഹ നിശ്ചയം, വാർഷികം, ജന്മദിനം
മാമ്മോദീസ, സെമിനാറുകൾ, കമ്പനി മീറ്റിങ്ങുകൾ എന്നീ
പരിപാടികൾക്ക് ഹാൾ വാടകക്ക് നൽകുന്നു.

## Sangeerthanam Tower

Near St. Mary's Assumption Church
Ayyanthole, Thrissur - 680 003
Tel : 9447002763, 9847441111

കൊടുക്കാൻ തീരുമാനിച്ചു. അവരുടെ ശസ്ത്രക്രിയ വിജയകരമായ് നടന്നു. ശസ്ത്രക്രിയ കഴിഞ്ഞ് മീനുവിനെ നോക്കി മരിയ പറഞ്ഞു എന്റെ കർത്താവിന്റെ തീരുമാനം എന്നിലൂടെ നിന്റെ സ്വപ്നം പൂർത്തിയാക്കുക എന്നതായിരുന്നു'' അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി... മരിയയുടെ മനസ്സ് വാനവിതാനങ്ങളിൽ പാറികളിക്കുകയായിരുന്നു ഒരു ഫിനിക്സ് പക്ഷിയെപോലെ....

---

***04 – 12 – 2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 18 മുതൽ 30 വയസ്സു വരെയുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥഉപന്യാസം***

## കേരളം വൃദ്ധന്മാരുടെ നാടോ?

**- സ്റ്റീന ടിനു**

സെ. ജോസഫ് യൂണിറ്റ്

ഫാനിന്റെ കട കട ശബ്ദം. ആ അമ്മയുടെ കാതുകളെ അലോസരപ്പെടുത്താൻ തുടങ്ങി. ആ മയക്കത്തിന്റെ ആലസ്യത്തിൽ അമ്മയുടെ മനസ്സിൽ തന്റെ പഴയ കാല ജീവിത ഓർമ്മകൾ വേട്ടയാടാൻ തുടങ്ങി. ആ വൃദ്ധമാതാവ് തന്റെ കൈകളിലേക്ക് ഒരുവേള കണ്ണോടിച്ചു. തന്റെ തൊലിപ്പുറം ഇതാ ചുളുങ്ങി തുടങ്ങിയിരിക്കുന്നു. തന്റെ ശരീരത്തിനു ബലക്ഷയം സംഭവിച്ചുതുടങ്ങിയിരിക്കുന്നു. ആ അമ്മ തന്റെ പഴയ ഓർമ്മകളിലേക്ക് യാത്രയായി. എത്ര സന്തോഷവതിയായാണ് താൻ ഇത്രനാൾ ജീവിച്ചുപോന്നത്. തന്റെ ഇല്ലാ്മകളിൽ പോലും സന്തോഷം കണ്ടെത്തി, എത്ര അദ്ധ്വാനിച്ചാണ് താൻ സ്വന്തം കുടുംബത്തെ വളർത്തി കൊണ്ടുവന്നത്. അപ്പനില്ലാത്ത ദുഃഖം അറിയിക്കാതെ തന്റെ മക്കളെ പറക്കമുറ്റുന്നതുവരെ താൻ പൊന്നുപോലെ നോക്കി. ഇപ്പോൾ തനിക്കൊന്നു വയ്യാതെ ആയപ്പോഴേക്കും വൃദ്ധസദനത്തിൽ കൊണ്ടു തള്ളിയിരിക്കുന്നു. താൻ ഗർഭിണിയായ നാൾ മുതലുള്ള കാര്യങ്ങൾ ആ അമ്മയുടെ മനസ്സിൽ അലയടിക്കുവാൻ തുടങ്ങി. കാത്തിരിപ്പിന്റെ, വേദനയുടെ ഒമ്പത് - പത്ത് മാസങ്ങൾ പിന്നീടുള്ള ദിനങ്ങൾ ഉറക്കം എന്തെന്ന്, ആ അമ്മ അറിഞ്ഞിട്ടില്ല. കൈവളരുന്നോ, കാൽ വളരുന്നോ എന്നു നോക്കി നോക്കി വളർത്തിയെടുത്ത മക്കൾ

തന്റെ ജീവിതത്തിന്റെ സമ്പത്തെന്ന് അഹങ്കരിച്ചിരുന്ന മക്കൾ തന്നെ, ഇന്ന് എന്നെ വൃദ്ധസദനത്തിൽ ആക്കിയല്ലോ എന്നോർത്തപ്പോൾ, ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകുവാൻ തുടങ്ങി.

വൃദ്ധസദനത്തിന്റെ മുറ്റത്ത്, അതാ ഒരു വണ്ടി വന്ന് നിന്ന ശബ്ദം കേൾക്കുന്നു. പാതി തുറന്ന ജനൽവാതിലിലൂടെ ആ അമ്മ കാതോർത്തു. വളരെ പരിയം ഉള്ള ശബ്ദം, ആ വൃദ്ധമാതാവ് തന്റെ കാതുകൾ വീണ്ടും കൂർപ്പിച്ചു. ആ അമ്മ യുടെ ഹൃദയം സന്തോഷത്താൽ മിടിക്കാൻ തുടങ്ങി, കണ്ണുകൾ നിറഞ്ഞൊഴു കുവാൻ തുടങ്ങി. തന്റെ മകനും ഭാര്യയും പേരമക്കളും ഇത്ാ തന്റെ മുന്നിൽ നിൽക്കുന്നു. സ്വപ്നമാണോ, സത്യമാണോ എന്ന ഞെട്ടലോടെ, ആ അമ്മ തന്റെ കണ്ണുകൾ തിരുമ്മിനോക്കി. അതെ, ഇത് സത്യമാണ്. അമ്മയുടെ സുഖവിവരം അന്വേഷിക്കാൻ വന്നതാണുപോലും. പരിഭവം കലർന്ന സ്വരത്തോടെ ആ അമ്മ പറഞ്ഞു; ''ഈ ഫാൻ ഒന്നു മാറ്റിത്തരാൻ എന്റെ മോൻ അവരോടൊന്നു പറയണം. ഈ കടകടശബ്ദം കാരണം അമ്മയ്ക്കു ഉറങ്ങാൻ പറ്റുന്നില്ല.'' ''അതി നെന്താ അമ്മേ, ഞാൻ പറഞ്ഞു ശരിയാക്കി തരാം.'' അയാൾ മറുപടി പറഞ്ഞു. അപ്പോഴാണ് തന്റെ പേരമകൻ പറയുന്നത് ആ അമ്മ കേട്ടത്, ''പപ്പയ്ക്ക് എ.സി. ഇല്ലാതെ ഉറങ്ങാൻ കഴിയില്ല. പപ്പയെ ഇവിടെ കൊണ്ടുവരുമ്പോൾ ഒരു എ,സി. വാ്ങ്ങിക്കൊടുക്കണം.

ആ വാക്കുകൾ അയാളുടെ കണ്ണുകൾ തുറപ്പിച്ചു. തന്റെ മാതാവിനോട് ക്ഷമ ചോദിച്ച്, അമ്മയെയും കൂട്ടി വീട്ടിലേക്ക് യാത്രയായി. ഇത് വെറും ഒരു കഥ യല്ല. നമ്മുടെ ഈ കൊച്ചുകേരളത്തിൽ നടന്ന സംഭവമാണ്. ഇതിലെ ഓരോ കഥാപാത്രങ്ങളും ആവാതിരിക്കാൻ സർവ്വേശ്വരനോട് നമുക്ക് പ്രാർത്ഥിക്കാം. പ്രായമായാൽ വൃദ്ധസദനത്തിൽ ആക്കുന്ന പ്രവണത നമുക്ക് മാറ്റിയെടുക്കാം.



ജനുവരി മാസത്തെ

അടിക്കുറിപ്പ് മത്സര വിജയി

*ഈ സ്നേഹം മനുഷ്യർക്കുണ്ടായിരുന്നെങ്കിൽ.....*

**മേഴ്സി ജെസിന്റോ**

സെന്റ് തോമസ് യൂണിറ്റ്

# വി. സ്റ്റീഫൻ

**ബീന വിൽസൺ**

സെന്റ് മേരീസ് യൂണിറ്റ്

പെന്തക്കുസ്ത കഴിഞ്ഞു ക്രിസ്ത്യാനികളുടെ സംഖ്യ പെരുകിയപ്പോൾ വിധവകളുടെ സംരക്ഷണം ഉൾപ്പെടെയുള്ള സാമ്പത്തിക കാര്യങ്ങൾ അന്വേഷിക്കാൻ ശ്ലീഹന്മാർക്കു സമയം തികയാതെ വന്നു. വിവേകമതികളും പരിശുദ്ധാത്മാവിനെ കൊണ്ടു നിറഞ്ഞവരുമായി ഏഴുപേരെ തിരഞ്ഞെടുത്ത് അവരുടെ മേൽ കൈവച്ചു ഡീക്കന്മാരായി നിയമിച്ചു. അവരിലൊരാളാണു സ്റ്റീഫൻ. കൃപാവരവും ഭക്തിയും നിറഞ്ഞിരുന്ന സ്റ്റീഫൻ വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ വിജ്ഞാനപൂർണ്ണമായിരുന്നു. അവയെ ചെറുത്തുനിൽക്കാൻ കഴിയാതായപ്പോൾ അദ്ദേഹം മൂശയ്ക്കും ദൈവത്തിനുമെതിരായി ദൂഷണം പറയുന്നുവെന്ന് ആരോപിച്ചു യഹൂദപുരോഹിതൻമാരുടെ അടുക്കലേക്ക് ആനയിക്കപ്പെട്ടു. യഹൂദചരിത്രം വിവരിച്ച ശേഷം അദ്ദേഹം വെല്ലുവിളിക്കുന്നു. ദുശ്ശാഠ്യക്കാരെ നിങ്ങളും നിങ്ങളുടെ പിതാക്കന്മാരെപ്പോലെ സദാ പരിശുദ്ധാത്മാവിനെ എതിർക്കുന്നു. പ്രവാചകന്മാരിൽ ആരെയെങ്കിലും നിങ്ങൾ മർദ്ദിക്കാതിരുന്നിട്ടുണ്ടോ ദൈവദൂതന്മാർ വഴി നിങ്ങൾ ന്യായപ്രമാണങ്ങൾ ലംഘിച്ചു. എന്നാൽ നിങ്ങൾ അത് അനുസരിച്ചില്ല. ഇതാ സ്വർഗ്ഗകവാടം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു. ഉടനെ ജനങ്ങൾ അദ്ദേഹത്തെ പിടിച്ചു നഗരത്തിനുവെളിയിൽ കൊണ്ടുപോയി കല്ലെറിഞ്ഞു. തൽസമയം സ്റ്റീഫൻ പ്രാർത്ഥിച്ച് കർത്താവായ ഈശോ എന്റെ ആത്മാവിനെ കൈക്കൊള്ളണമേ, കർത്താവേ ഈ പാപം അവരുടെമേൽ ചുമത്തരുതേ. ഇത്രയും പറഞ്ഞിട്ട് അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ചു. “സ്നേഹം ഒരു ചെറിയ പദമായിരിക്കാം. എന്നാൽ നിർമ്മല സ്നേഹം ദൈവത്തോടും തന്റെ അയൽക്കാരനോടുമുള്ള മനുഷ്യന്റെ ബന്ധം മുഴുവൻ സമാഹരിക്കുന്നുണ്ട്. കർത്താവ് വിവരിച്ചിട്ടുള്ളതുപോലെ നിയമവും പ്രവാചകന്മാരും സ്നേഹത്തിൽ അധിഷ്ഠിതമാണ്

# ബൈബിൾ ക്വിസ് 2023 ഫെബ്രുവരി

**പാഠ്യഭാഗം – ജോഷ്വ 13 – 18**

**അധ്യായവും വാക്യവും എഴുതുക**

1. മനാസ്സെയുടെ പുത്രന്മാർക്ക് ആ പട്ടണങ്ങൾ കൈവശപ്പെടുത്താൻ കഴിഞ്ഞില്ല. ആരാണ് അവിടെത്തന്നെ വസിച്ച് പോന്നത്?
2. ദബീറിന്റെ പഴയപേര് എന്തായിരുന്നു?
3. കിരിയാത്ത് സേഫർ പിടിച്ചെടുത്തത് ആര്?
4. ബഞ്ചമിൻ ഗോത്രത്തിന്റെ വടക്കേ അതിർത്തി തുടങ്ങുന്നത് എവിടെ?
5. എലെയാസർ ആരായിരുന്നു?
6. ജറുസലെമിന്റെ മറ്റൊരു പേര്?
7. എവിടെ മുതൽ എവിടെവരെയാണ് മനാസ്സെയുടെ ദേശം വ്യാപിച്ച് കിടക്കുന്നത്?
8. നെഫ്തോവ നീരുറവ എവിടെയാണ്?
9. കാലെബിന്റെ മകളുടെ പേരെന്ത്?
10. ലേവ്യരുടെ ഓഹരി എന്ത്?

**ബൈബിൾ ക്വിസ് 2023 ജനുവരി ശരിയുത്തരങ്ങൾ**

**2 കോറിന്തോസ് 1 – 6**

1. 18
2. ഞങ്ങൾ വീണ്ടും ആത്മപ്രശംസ ചെയ്യുകയാണോ?
3. ചോദ്യമില്ല
4. ക്രിസ്തുവിന്റെ ലിഖിതം
5. ഇസ്രായേൽ ജനത്തിന്
6.
7. യേശുവിനുവേണ്ടി
8. ദൈവം
9. കോറിന്തോസിലുള്ള ദൈവത്തിന്റെ സഭയ്ക്കും അക്കായിയായിലെങ്ങുമുള്ള വിശുദ്ധർക്കും
10. നിങ്ങൾക്ക് ശക്തി ലഭിക്കാൻ.

## 2023 ജനുവരി മാസത്തെ ബൈബിൾ ക്വിസിലെ ശരിയുത്തരമയച്ചവർ

1. ലൂസി ജോയ് - സെന്റ് സേവ്യാർ യൂണിറ്റ്
2. റോസി ജോസ് - സെന്റ് സേവ്യാർ യൂണിറ്റ്
3. ഡെയ്സി അന്തപ്പൻ - സെന്റ് മേരീസ് യൂണിറ്റ്
4. ജോസ്ഫീന ജോയ് - സെന്റ് മേരീസ് യൂണിറ്റ്
5. മേരി രാജു - സെന്റ് സേവ്യാർ യൂണിറ്റ്

**നറുക്കെടുപ്പിലൂടെ വിജയിയായത്**
**ജോസ്ഫീന ജോയ് – സെന്റ് മേരീസ് യൂണിറ്റ്**

## ഡോക്ടറും ബിഷപ്പുമായ വി. ബ്ലെയിസ്

**- മരിയ ബ്രൂസ്**

സെ. തോമാസ് യൂണിറ്റ്

തൊണ്ടയിലെ അസുഖങ്ങളുടെ മധ്യസ്ഥനായാണ് വി. ബ്ലെയിസ് അറിയപ്പെടുന്നത്. റോമൻ ചക്രവർത്തി മതപീഢനം ആരംഭിച്ചപ്പോൾ ബിഷപ്പിനെ അറസ്റ്റു ചെയ്തുകൊണ്ടുപോകുമ്പോൾ ഒരമ്മ തന്റെ കുട്ടിയെ കൊണ്ടുവന്നു. കുട്ടിയുടെ തൊണ്ടയിൽ മത്സ്യത്തിന്റെ മുള്ള് തറച്ച അവസ്ഥയിലായിരുന്നു. ബ്ലെയ്സ് പ്രാർത്ഥിച്ച ഉടനെ സൗഖ്യം പ്രാപിച്ചു.

അർമീനിയായിൽ സെവൊസ്റ്റ എന്ന സ്ഥലത്തെ ഡോക്ടറായിരുന്ന ബ്ലെയിസ് പിന്നീട് ബിഷപ്പായി. അനേകർ അദ്ദേഹത്തിന്റെ വിശുദ്ധി കണ്ടറിഞ്ഞ് സൗഖ്യത്തിനായി വന്നിരുന്നു. അദ്ദേഹത്തിനേറ്റ പീഢനങ്ങൾ അനവധിയായിരുന്നു. വിഗ്രഹങ്ങളെ ആരാധിക്കാൻ തയ്യാറായില്ല. അപ്പോൾ ചമ്മട്ടികൊണ്ടടിച്ചു. ഇരുമ്പു കൊളുത്തുകൊണ്ട് മാംസം വലിച്ചു കീറി. പോരാഞ്ഞ് ചുട്ടുപഴുത്ത ഇരുമ്പുപലക ശരീരത്തിൽ വച്ച് പൊള്ളിച്ചു. പിന്നീട് തലവെട്ടി കൊല്ലുകയായിരുന്നു. ഫെബ്രുവരി 3ന് ചില സ്ഥലങ്ങളിൽ രണ്ടുതിരികൾ ഒന്നിച്ചുചേർത്തു പിടിച്ച് വൈദികൻ കഴുത്തിന്റെ ഇരുവശത്തുവെച്ച് പ്രാർത്ഥിക്കുന്ന പതിവുണ്ട്. ദൈവത്തിന്റെ അനന്തശക്തിയിൽ വിശ്വസിച്ച് എല്ലാം സഹിച്ച വിശുദ്ധൻ തൊണ്ടസംബന്ധിച്ച അസുഖങ്ങൾക്ക് സൗഖ്യം വാങ്ങിതരും എന്ന വിശ്വാസമാണിങ്ങനെ ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്നത്. വി. ബ്ലെയിസിനോട് ഫെബ്രുവരി 3ന് നമുക്ക് വിശ്വാസത്തോടെ പ്രാർത്ഥിക്കാം.

# ഞങ്ങൾ വരവായി

| റജി. നമ്പർ / ജനന തീയ്യതി | മാമ്മോദീസ തീയ്യതി | പേര്, വിലാസം |
|---|---|---|
| **31/2022** | | |
| 16/09/2022 | 31/12/2022 | വേലൂക്കാരൻ ഫ്രെൻജോ ഫ്രാൻസിസ് & ആൻസി മകൾ റോസ് ലിറ്റിൽ തെരേസ (മിൽക്ക ഗ്രേയ്സ് ഫ്രെൻജോ) |
| **01/2023** | | |
| 12/09/2022 | 01/01/2023 | വടക്കൻ മാർട്ടിൻ & ശിൽപ്പ സ്റ്റാൻലി മകൻ ജോസഫ് (ഇലോൺ വടക്കൻ) |
| **02/2023** | | |
| 04/11/2022 | 01/01/2023 | കരേരക്കാട്ടിൽ ലക്സൺ ഡേവിസ് & റിൻസി മകൾ മറിയം (ആൻമിക) |
| **03/2023** | | |
| 12/01/2021 | 14/01/2023 | കുരുതുകുളങ്ങര നവീൻ ജോയി & സോനു മകൾ മരിയ (ജോവാന നവീൻ) |
| **04/2023** | | |
| 11/08/2022 | 21/01/2023 | മണ്ടുംപാല എഡ്വിൻ വിക്ടർ & നിനു ആൻ ഫ്രാൻസിസ് മകൾ എലിസബത്ത് (അലൈൻ ട്രീസ എഡ്വിൻ) |

# ഞങ്ങൾ ഒന്നായി

| വിവാഹതീയതി | പേര്, വിലാസം |
|---|---|
| **01/01/2023** | അയ്യന്തോൾ ഇടവക കരിയാട്ടി ജോണി & ബേബി മകൻ ബിഫിൻ ജോൺ |
| | പാല രൂപത കാഞ്ഞിരമറ്റം ഇടവക ചെരിപുറം ചാക്കോ ഫിലിപ്പ് & ലിസ്സമ്മ ചാക്കോ മകൾ ജിപ്സി മരിയറ്റ് ചാക്കോ |
| **08/01/2023** | അയ്യന്തോൾ ഇടവക കുന്നേക്കാടൻ ജോൺ & ലിസി മകൻ ഫ്രെഡി ജോൺ |
| | എറണാംകുളം - അങ്കമാലി രൂപത കോക്കുന്ന് ഇടവക കൈപ്രമ്പാട്ട് ജോസഫ് & റാണി മകൾ റോസ് ബെൽ |

| | |
|---|---|
| **18/01/2023** | അയ്യന്തോൾ ഇടവക തട്ടിൽ ജോയ് & ജിൻസി മകൾ ക്രിസ്റ്റി ജോയ് |
| | കാഞ്ഞിരപ്പള്ളി രൂപത നെറ്റിത്തൊടു ഇടവക വാളിപ്ലാക്കൽ ജോസഫ് & അന്നമ്മ മകൻ സൈമൺ |
| **21/01/2023** | അയ്യന്തോൾ ഇടവക താണിക്കൽ ബേബി & ഷീല മകൻ അലക്സ് |
| | വെസ്റ്റ് ഫോർട്ട് സെന്റ് ആൻസ് ഇടവക കുറ്റൂക്കാരൻ ഫ്രാൻസിസ് & ഡെയ്സി മകൾ അനറ്റ് |
| **15/01/2023** | അയ്യന്തോൾ ഇടവക താണിക്കൽ ഷാജു & ജാൻസി മകൾ അഞ്ജു മരിയ |
| | പെരിഞ്ചേരി ഇടവക പുളിക്കൻ ടോളൻ & ജോളി മകൻ സാന്റോ |
| **21/01/2021** | അയ്യന്തോൾ ഇടവക എടക്കളത്തൂർ ഡയസ് & വിജി മകൻ ബാജിയോ |
| | ചങ്ങനാശ്ശേരി ഇടവക കുളപ്പുറത്ത് റ്റോമി & കൊച്ചുറാണി മകൾ സാറ ഡൊമിനിക് |

# ഞങ്ങൾ യാത്രയായി

| **റജി. നമ്പർ / മരണ തീയ്യതി** | **പേര്, വിലാസം** |
|---|---|
| **01/2023** | |
| 07/01/2023 | കുന്നൻ ജോസ് ഭാര്യ മേരി (76) - ക്രിസ്തുരാജ യൂണിറ്റ് |
| **02/2023** | |
| 16/01/2023 | തറയിൽ ഇനീസ് ഭാര്യ ലിസി (63) - ഹോളി ഫാമിലി യൂണിറ്റ് |

# ഇടവകയിൽ നിന്നും മാറി പോയവർ

| | |
|---|---|
| **01/2023** | |
| 04/01/2023 | തേയ്ക്കാനത്ത് പണ്ടാരവളപ്പിൽ മാത്യു മകൻ പോൾ (സാൻജോ - (സെന്റ് പോൾസ് യൂണിറ്റ്) - കണ്ടശ്ശാങ്കടവ് ഇടവകയിലേക്ക് |

# ചായക്കൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് ഫെബ്രുവരി 20-ാം തിയ്യതിക്കു മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.

**ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.**
**(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)**




FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR
+91 94476 57788, +91 96453 88881 ttdevassyjewellers.com @ttdevassyjewellers





Ocean®
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393